പള്ളി കോവേന്ത മഠം
Safe സക്കാരി മൂന്നു നിറങ്ങളിൽ
1. സ്വർണ്ണനിറം
2. Stainless steel (ക്രോമിയം) നിറം
3. വെള്ള എനാമൽനിറം.
വിശദവിവരത്തിന്നു
A. N. T. JOSEPH PHONE 6
METAL WORKS
VALAPPAD.

Reg: No K. 3

തൊഴിലാളി

Editor: Father Vadakkan : Managing Editor B. Wellington B A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്
വരുന്നപ്പടി

	ഫോസ്റ്റ്പേഡ്	ഫോസ്റ്റ്പേഡി
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
ഒറ്റപ്രതി	0_07	0_10

മാനേജർ.

മൂന്നുകം 12 | ലക്കം | 1965 മേയ് 29 ശനി തൃശ്ശൂർ | വില 7 പൈസ | പേജ് 4

സമസ്തകേരള സാഹിത്യ പരിഷത് സമ്മേളനം

ഇരിങ്ങാലക്കുട "ഉണ്ണായിവാര്യർ നഗറി"ൽ ഉൽഘാടനം ചെയ്യപ്പെട്ടു

സാഹിത്യകാരൻ കിടമത്സരങ്ങളിൽനിന്നു മുക്തനാകണമെന്നു് കെ. പി. കേശവമേനോൻ

(സ്വ. പ്ര.) ഇരിങ്ങാലക്കുട, മേ. 2

സമസ്തകേരള സാഹിത്യപരിഷത്തു് 29_ാം വാർഷിക സമ്മേളനം ഇരിങ്ങാലക്കുട ഉണ്ണായിവാര്യർ നഗറിൽ ഇന്നു ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

സമ്മേളനം സംബന്ധിച്ച പട്ടണത്തിൻെറ അതിർത്തികളിലും കോളേജ് റോഡു് ജംക്ഷനിലും അവിടെനിന്നും ഉണ്ണായിനഗറിലേക്കുള്ള വഴികളിലും പന്തലുകളും തോരണങ്ങളും വൈദ്യുതദീപങ്ങളും കമനീയമായി അലങ്കരിച്ചിരുന്നു. കൃത്യം 5 മണിക്കു സമ്മേളനം ഉൽഘാടനം ചെയ്യുവാനായി കോളേജ് റോഡു് ജംക്ഷനിൽ എത്തിച്ചേർന്ന മാതൃഭൂമി പത്രാധിപർ കെ. പി. കേശവമേനോനെ സ്വാഗതസംഘാധ്യക്ഷൻ കെ. പി. ജോണി ഹാരാർപ്പണംചെയ്തു. പെൺകുട്ടികളുടെ തിരുപ്പൊലി, വാദ്യഘോഷങ്ങൾ, ബാൻറ് തുടങ്ങിയവയോടുകൂടി അദ്ദേഹത്തെ സ്വീകരിച്ച ഉണ്ണായിവാര്യർ നഗറിലേക്കു് ആനയിച്ചു. ഈശ്വരപ്രാർത്ഥനയ്ക്കുശേഷം മുനിസിപ്പൽ ചെയർമാൻ കെ. പി. ജോണി സ്വാഗതപ്രസംഗം ചെയ്തു.

സമ്മേളനത്തിൽ പ്രൊ: ജോസഫ് മുണ്ടശ്ശേരി അദ്ധ്യക്ഷംവഹിച്ചു.

സ്വാഗതപ്രസംഗത്തിനുശേഷം കെ. പി. കേശവമേനോൻ സമ്മേളനം ഉദ്ഘാടനംചെയ്തു.

മൂന്നാമുപ്രാവശ്യം സാഹിത്യകാരന്മാരുടെ നഗരത്തിൽ പങ്കെടുത്തിട്ടുണ്ടെന്നും കഴിഞ്ഞ രണ്ടു കൂടിക്കാഴ്ചകളിൽ പങ്കെടുക്കാൻ സാധിക്കാതെപോയതിൽ തനിക്കു സങ്കടമുണ്ടെന്നും പറഞ്ഞുകൊണ്ടാണു് അദ്ദേഹം പ്രസംഗമാരംഭിച്ചതു്. ഭാഷയിലെ പണ്ഡിതന്മാരും സാഹിത്യകാരന്മാരും അത്യധികം പ്രയത്നിച്ചാൽ ഫലമായിവളർന്നുവന്നതാണു് ഈ സംഘടന. കേരളത്തിനകത്തും പുറത്തുനിന്നും നല്ല പേരുണ്ടു്. വ്യക്തികളെക്കാളെത്രയോ സ്ഥാപനങ്ങൾക്കും കാലവും ക്ഷയകാലവുമുണ്ടു്. കാലം ദോഷംപറഞ്ഞു കിടന്നാൽ ഇപ്പോഴത്തിൽനിന്നും മോചനംകിട്ടി. പുഴയുടെ വിപുലമായ പരിപാടിക്കുണ്ടായിരുന്നതുപോലെ സമ്മേളനത്തിനും ഒരു ലക്ഷ്യമുണ്ടു്. ഇന്നുവരുന്നു് നിലനില്പുണ്ടു്.

മനുഷ്യൻെറ സംസ്കാരത്തിൻെറ പ്രധാനലക്ഷണം സത്യതയാണു്. കാര്യങ്ങൾ നടത്തണമെങ്കിൽ അഭിപ്രായങ്ങൾ തുറന്നു പറയുവാനുള്ള അന്തരീക്ഷം വേണം. അതുപോലെതന്നെ പറഞ്ഞതിൽ ഉറച്ചുനിൽക്കുവാനുള്ള സഹിഷ്ണുതയും ക്ഷമയും മാറാത്തവരുമുണ്ടാകണം. ഇന്നത്തെ നിലയിൽ അതല്ല. രാഷ്ട്രീയകക്ഷിപ്രവർത്തകർക്കുള്ള കാരണങ്ങൾ താണു്. ഇതുപോലെതന്നെയാണു് മതപരമായ നിലപാടും. ഒരു കോൺഗ്രസ്സുകാരനും കമ്മ്യൂണിസ്റ്റുകാരനും സംസാരിക്കുന്നതുകണ്ടാൽ സംശയമായി. അതു സാഹിത്യത്തേയും ബാധിച്ചിരിക്കുന്നു. ഇത്തരം മനസ്ഥിതി അനവദ്യമാകട്ടെ. അതിനു എതിരായി പോരാടേണ്ടതു് എല്ലാ സാഹിത്യകാരന്മാരുടേയും കൃതികളുടേയുമാണു്. മരിക്കാനും അധികാരത്തെ സംബന്ധിച്ചാണു്. അധികാരത്തിനു വേണ്ടി അധികാരം പിടിച്ചുപറിക്കാൻ നോക്കരുതു്. ജനാധിപത്യം വന്നതോടുകൂടി അധികാരത്തിനുള്ള മനസ്ഥിതി വളരെ കടന്നുകൂടിയിട്ടുണ്ടു്. ആ മനസ്ഥിതി സംഘടനയ്ക്കും നാട്ടുകാർക്കും ദോഷമായിരിക്കും.

നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചകാലത്തു ത്യാഗത്തിൻെറ കാര്യം പറയേണ്ടതായിരുന്നു. എല്ലാം ത്യജിച്ചു സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുവാൻ പറഞ്ഞു. എന്നാൽ സ്വാതന്ത്ര്യം കിട്ടിയപ്പോൾ ത്യാഗത്തിൻെറ പേരിൽ പൊതുപ്രവർത്തകരോടു പ്രതിഫലം നൽകാതെ പറഞ്ഞിട്ടുകാര്യമില്ല. സാഹിത്യസംഘടനകളുടെകാര്യം എടുക്കുകയാണെങ്കിൽ മുഴുവൻ സമയപ്രവർത്തിക്കുന്നവരുണ്ടു്. അങ്ങനെ കുറേപേർ വേണം. അയാൾക്കു് ഉപജീവനത്തിനുമാർഗ്ഗം ഉണ്ടാകണം. ത്യാഗം ഒരു തൊഴിലല്ലായെന്നു പറഞ്ഞുകൊണ്ടു അദ്ദേഹം സമ്മേളന ഉൽഘാടനം ചെയ്തു. ഇന്ദിരാഗാന്ധി, പട്ടംതാണുപിള്ള, ലക്ഷ്മി എൻ. മേനോൻ, കേരളസ്റ്റേറ്റ് അഡ്വൈസർമാരായ പ്രസാദ് രാഘവാചാരി, വൈസ് ചാൻസലർ, സാമുവൽ മത്തായി, വിദ്യാഭ്യാസഡയറക്ടർ എന്നിവരിൽനിന്നും ലഭിച്ച സന്ദേശങ്ങളും മു. വൈസ് ചെയർമാൻ കെ. എൽ. സുബ്രഹ്മണ്യം വായിച്ചു. പിന്നീടു ജോസഫ് മുണ്ടശ്ശേരി അദ്ധ്യക്ഷപ്രസംഗനടത്തി (പ്രസംഗം അന്യത്ര)

ഡോക്ടർ സി. എസ്. വെങ്കിടേശ്വരൻ കൃതജ്ഞത പറഞ്ഞു. സെൻറ് ജോസഫ്സ് കോളേജ് വിദ്യാർത്ഥിനികളുടെ ദേശീയഗാനം ആലപിച്ചു.

★

നേട്ടം റഷ്യയ്ക്കു്; ഇന്ത്യയ്ക്കല്ല

(പി. ടി. ഐ) ന്യൂഡൽഹി മെ. 28

ശാസ്ത്രിയുടെ സോവ്യറ്റ് യൂണിയൻ സന്ദർശനം ഒരു പരാജയമായിപ്പോയെന്നു് രാജ്യസഭയിലെ സ്വതന്ത്രാംഗം പ്രിൻറൻ നേതാവായ ദാഹ്യാഭായി പട്ടേൽ ഇന്നു് ഒരു പത്രസമ്മേളനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഇന്ത്യയ്ക്കു് ഏറ്റവും അത്യാവശ്യമായിരുന്നകാര്യം റഷ്യക്കാരിൽനിന്നും നേടിയെടുക്കാൻ ശാസ്ത്രിക്കു കഴിഞ്ഞില്ല. കച്ചിലും നേരത്തെ കാഷ്മീരിലും പാകിസ്ഥാൻ നടത്തിയ ആക്രമണത്തെ റഷ്യ വ്യക്തമായി അപലപിക്കുകയെന്നതാണു് ഇക്കാര്യം. നല്ല സുഹൃത്തുക്കളിൽനിന്നും ആരും പ്രതീക്ഷിക്കുന്ന ഒന്നാണിതു്.

അതുപോലെതന്നെ പൈനയുടെ രണ്ടാം അണ്വസ്ഫോടനത്തെ അപലപിക്കാതെ കഴിക്കാനും റഷ്യയ്ക്കു സാധിച്ചു. അതേസമയം വിയാറ്റ്നാം പ്രശ്നത്തിൽ അമേരിക്കയെ അപലപിക്കാൻ റഷ്യയ്ക്കു് ശാസ്ത്രിയെ കിട്ടുകയും ചെയ്തു. മൊത്തത്തിൽ ശാസ്ത്രിയുടെ ഇന്ത്യൻ പര്യടനം റഷ്യയ്ക്കാണു് നേട്ടമുണ്ടാക്കിയതു്; ഇന്ത്യയ്ക്കല്ല:

....

പാലസ്തീന വിമോചനസംഘടനാ നേതാവു് ഷുക്കൈറി രാജിവെച്ചു

(റോയിട്ടർ) കെയ്റോ, മേയു് 28

അറബി–ഇസ്രായേൽ തർക്കം സംബന്ധിച്ച പ്രസിദ്ധന്റെ് പ്രസിഡണ്ടു് ബോർഗീബായുടെ നിർദ്ദേശങ്ങളോടുള്ള അറബിരാഷ്ട്ര കോൺഫറൻസിൻെറ പ്രതികരണത്തിനെതിരായി പ്രതിഷേധിച്ചു്, പലസ്തീന വിമോചന സംഘടനാ നേതാവു് മി. അഹമ്മദ് ഷുക്കൈറി തൻെറ സ്ഥാനം രാജിവെച്ചിരിക്കുന്നതായി കാര്യജ്ഞാനമുള്ള ഒരു വൃത്തം പറഞ്ഞു.

അറബി ലീഗിൽനിന്നും ടുണീഷ്യയെ പുറത്താക്കണമെന്നു് കോൺഫറൻസിന്നെഴുതിയ ഒരു കത്തിൽ മി. ഷുക്കൈറി അഭ്യർത്ഥിച്ചിരിക്കുന്നതായി ഒരു വൃത്തം അറിയിച്ചു. തൻെറ അഭ്യർത്ഥന കോൺഫറൻസ് ചെവിക്കൊള്ളാതിരിക്കുകയും പലസ്തീന പ്രശ്നം സംബന്ധിച്ചു പ്രസിഡണ്ടു് ബോർഗീബായുടെ നിർദ്ദേശങ്ങൾ പൂർണ്ണമായി നിരസിക്കണമെന്ന ഒരു പ്രമേയം തള്ളിക്കളയുകയും ചെയ്യുപ്പോൾ മി. ഷുക്കൈറി പൊടിക്കരഞ്ഞതായും ഈ വൃത്തം പറഞ്ഞു.

ഐക്യ അറബി റിപ്പബ്ലിക്, മൊറോക്കൊ എന്നീ രാജ്യങ്ങളും അഭ്യർത്ഥിച്ചിരുന്നിട്ടു്, പാലസ്തൈൻ ലിബറേഷൻ ഓർഗനൈസേഷൻെറ നേതൃസ്ഥാനത്തുനിന്നും അദ്ദേഹം രാജിവച്ചതായി പ്രസ്താവിച്ച മി. ഷുക്കൈറിയുമായി നടത്തിയ ഒരു ടെലഫോൺസംഭാഷണവേളയിൽ താൻ രാജിവച്ചുവെന്നു് റോയിട്ടറോടു് പറഞ്ഞു. "എൻെറ രാജി സ്വീകരിക്കാൻ കോൺഫറൻസ് കനടകം കൂട്ടാക്കിയില്ല" എന്നും അദ്ദേഹം പ്രസ്താവിച്ചു.

"ഇപ്പോഴത്തെ നില എന്താണു്" എന്ന ചോദ്യത്തിനു് "രാവിലെവരെ കാത്തിരിക്കുക' എന്നദ്ദേഹം മറുപടിനല്കി. ടുണീഷ്യൻ പ്രസ്ഡണ്ടിൻെറ നിർദ്ദേശം പരിപൂർണ്ണമായും കോൺഫറൻസ് പ്രമേയം നിരസിച്ചതായി കോൺഫറൻസ് വൃത്തം അറിയിച്ചു. സിയോണിസത്തിൽനിന്നും സാമ്രാജ്യത്വത്തിൽനിന്നും അറബിലോകത്തെ വിമോചിപ്പിക്കുന്നതിനുള്ള ദേശീയ കടപ്പാടിനെന്നപേരിലുള്ള ഒരു ലംഘനമായും ടുണീഷ്യൻ പ്രസിഡണ്ടിൻെറ നിർദ്ദേശത്തെ കോൺഫറൻസ് വിവരിച്ചു.

....

വിൽസണിൽനിന്നും ശാസ്ത്രിക്കു് മറ്റൊരുകത്തു്

ഇന്ത്യാഗവർമ്മെണ്ടു് ഉന്നതതലത്തിൽ പരിഗണിച്ചു

[പി. ടി. ഐ.] ന്യൂഡൽഹി മേ. 28

റാൺ ഓഫ് കച്ചു് പ്രശ്നം സംബന്ധിച്ചു് ബ്രിട്ടീഷ് പ്രധാനമന്ത്രി മി. വിൽസനിൽനിന്നും പ്രധാനമന്ത്രി മി. ശാസ്ത്രിക്കു് ഒടുവിൽലഭിച്ച ഒരു സന്ദേശത്തെപ്പറ്റി ഉന്നതതലത്തിൽ ഇന്ത്യാ ഗവമെണ്ടു് ഇന്നു് പരിഗണിക്കുകയുണ്ടായെന്നു അറിവായിട്ടുണ്ടു്.

ബ്രിട്ടീഷ് പ്രധാനമന്ത്രിയുടെ കത്തു് ഹൈക്കമ്മീഷണർ മി. ജോൺ ഫ്രീമാനാണു് മി. ശാസ്ത്രിയെ ഏല്പിച്ചതു്.

ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ റാൺ ഓഫ് കച്ചിൽ വെടിനിർത്തുന്നതു സംബന്ധിച്ചു ബ്രിട്ടീഷ് നിർദ്ദേശങ്ങളിന്മേൽ നടന്നവരുന്ന നയതന്ത്രതല ചർച്ചകളുടെ ഇന്നത്തെ നിലയിൽനിന്നും, മി. വിൽസൻെറ കത്തു് ഒരു മാറ്റവും വരുത്തിയിട്ടില്ലെന്നു് കാര്യജ്ഞാനമുള്ള വൃത്തം ഇവിടെവെച്ചു പ്രസ്താവിച്ചു. കൂടിയാലോചനകളുടെ പുരോഗതി സംബന്ധിച്ചു് ഒരു തീരുമാനത്തിലുള്ള കരാർ ഉണ്ടാകുമെന്നാണു് ഉറ്റുനോക്കുന്നതു്.

ഇന്ത്യയ്ക്കു് തൃപ്തികരമായവിധത്തിൽ, റാൺ ഓഫ് കച്ചിൽ സ്റ്റാറ്റസ്കൊ നിലനിർത്തുന്നതുസംബന്ധിച്ചു ഒരു തീരുമാനം ഉണ്ടാകുന്നതോടുകൂടി ഇപ്പോൾ നടക്കുന്ന കൂടിയാലോചനയിൽ ഒരു കാര്യമായ പുരോഗതിയും ഉണ്ടായിട്ടുണ്ടെന്നു് ഉദ്യോഗികവൃത്തം ആവർത്തിച്ചു പറഞ്ഞു.

ഇതുവരെ കച്ചു്–സിന്ധു് അതിർത്തി പ്രശ്നം മാത്രമാണു് ചർച്ചചെയ്യപ്പെട്ടതെന്നാണറിയുന്നതു്. പാക്കിസ്ഥാൻനിർദ്ദേശിച്ചതുപോലെ മാറ്റ ഇന്ത്യാ–പാക അതിർത്തിപ്രശ്നങ്ങളുമായി കച്ചു് പ്രശ്നം ബന്ധപ്പെടുത്തുന്നതിനു് സാധ്യമല്ലെന്ന ഒരു നിലപാടാണു് ഇന്ത്യ കൈക്കൊണ്ടിരിക്കുന്നതു്. ബ്രിട്ടൻെറ നിർദ്ദേശവും അവരുടെ ബന്ധിപ്പിച്ചുകൊണ്ടുള്ളതല്ല.

ജൂൺ 3_ാംവാരത്തിൽ നടക്കുന്ന കോമൺവെൽത്തു് പ്രധാനമന്ത്രിമാരുടെ സമ്മേളനക്കാലത്തു് പ്രസിഡണ്ടു് അയൂബ്ഖാനേയും പ്രധാനമന്ത്രി ശാസ്ത്രിയേയും സമ്മേളിപ്പിക്കുവാൻ ബ്രിട്ടൻ ശ്രമിച്ചേക്കാമെന്നു് ഉഹാപോഹങ്ങളുണ്ടെങ്കിലും, അത്തരം ഒരു സമ്മേളനം നടക്കുമെന്നതിനെപ്പറ്റി ഒരു സൂചനയും ഇതുവരെ ഉണ്ടായിട്ടില്ല.

യൂതാണ്ടു് അമേരിക്കൻനടപടിയെ വിമർശിക്കുന്നു

പൊരിയുന്ന വയറിനുമുമ്പിൽ ജനാധിപത്യം പ്രസംഗിച്ചതുകൊണ്ടു് കാര്യമില്ല

(എ എഫ് പി) ഐക്യരാഷ്ട്രങ്ങൾ, മെയു് 28

അമേ: രാഷ്ട്രസംഘടനയ്ക്കു് അതിൻെറ പ്രദേശത്തു് അധികാരപൂർവ്വമായ നടപടിയെടുക്കാൻ അവകാശമുണ്ടെങ്കിൽ ആഫ്രിക്കൻ രാഷ്ട്രസംഘടനയ്ക്കും അറബി ലീഗിനും അവരവരുടെ പ്രദേശത്തു് തുല്യനടപടികളും സ്വീകരിക്കാൻ അവകാശമുണ്ടെന്നു് സമ്മതിക്കേണ്ടിവരുമെന്നു് ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ യൂതാണ്ടു് താക്കീതുചെയ്തിരിക്കുന്നു.

ഐക്യരാഷ്ട്രസഭാ ആസ്ഥാനത്തുള്ള ഗവമെണ്ടേതര സംഘടനകളുടെ വാർഷികസമ്മേളനത്തിലാണു് യൂതാണ്ടു് ഈ അഭിപ്രായപ്രകടനം നടത്തിയതു്.

സെക്രട്ടറി ജനറൽ പ്രത്യേകിച്ചു് ആരുടേയും പേർ എടുത്തുപറഞ്ഞില്ലെങ്കിലും ഇതു് അമേരിക്കയ്ക്കുതിരായ ഒരു പരാമർശനമായിരുന്നുവെന്നു് വ്യക്തമാണു്. ഐക്യരാഷ്ട്രസഭയുടെ അധികാരങ്ങളെ കവച്ചുവെച്ചുകൊണ്ടു് അമേരിക്ക ഡോമനിക്കൻ റിപ്പബ്ലിക്കിൽ സ്വീകരിച്ച നടപടികളും നയതന്ത്രവൃത്തങ്ങളിൽ കടുത്ത വിമർശനത്തിനു വിഷയമായിട്ടുണ്ടു്.

ഏഴു ദിവസത്തിനുള്ളിൻ അമേരിക്കയ്ക്കു തിരിയായി യൂതാണ്ടു് നടത്തിയ മൂന്നാമത്തെ പരോക്ഷമായ പരാമർശമാണിതു്.

ഡൊമിനിക്കൻ റിപ്പബ്ലിക്കിലെ അമേരിക്കയുടെ പ്രത്യക്ഷമായ സൈനിക ഇടപെടൽ ശ്രേഷ്ഠമായ ഉൽക്കണ്ഠയുളവാക്കിക്കൊണ്ടിരുന്ന അവസരത്തിലാണു് അമേ. രാഷ്ട്രസംഘടനയ്ക്കു് ഡോമിനിക്കൻ റിപ്പബ്ലിക്കിൽ അധികാരപൂർവ്വം പ്രവർത്തിക്കാനുള്ള അവസരം നൽകുവാനും തദ്ദേശീയ ഐക്യരാഷ്ട്രസംഘടനയെ അതിൻെറ മുതലകം നിറുത്തുവാനും ആവശ്യപ്പെടുകയുണ്ടായി.

ഡൊമിനിക്കൻ റിപ്പബ്ലിക്കിൽനിന്നും തദ്ദേശീയരെ അമേരിക്ക മൻകൈയ്യെടുത്തിരിക്കുന്നതു്. ഇതു് സ്ഥിതിഗതികളെ കൂടുതൽ വഷളാക്കുകയും വിമർശനത്തിനു് ആഴം കൂട്ടുകയും ചെയ്തു. ഈ പ്രവണത തടയപ്പെട്ടില്ലെങ്കിൽ ഐക്യരാഷ്ട്രസഭതന്നെ അസ്തമിച്ചേയ്ക്കുമെന്നു് നയതന്ത്രവൃത്തങ്ങൾ ഭയപ്പെടുന്നു.

1965 ലെ ആദ്യത്തെ അഞ്ചുമാസങ്ങളിൽ അന്താരാഷ്ട്രീയബന്ധങ്ങളിൽ "സുനിശ്ചിതമായ ഒരു തിരിച്ചടി"യുണ്ടായതെന്നു് യൂതാണ്ടു് തൻെറ പ്രസംഗത്തിൽ പറഞ്ഞു. അതുപോലെതന്നെ ഐക്യരാഷ്ട്രസംഘടനയ്ക്കും. 1963ലുണ്ടായിരുന്ന അനുകൂലമായ കാലാവസ്ഥ ഇന്നില്ല.

പ്രാദേശിക സംഘടനകളുടെ പങ്കിനെപ്പറ്റി പരാമർശിച്ചുകൊണ്ടു്, തികച്ചും ഭൂമിശാസ്ത്രപരമായ അത്തരം മൂന്നു സംഘടനകളുണ്ടെന്നു് യൂതാണ്ടു് പറഞ്ഞു്. അമേരിക്കൻ രാഷ്ട്രസംഘടന, ആഫ്രിക്കൻ ഐക്യസംഘടന, അറബ് ലീഗ്.

അതിർത്തിപ്രദേശത്തു് അധികാരപൂർവ്വം നടപടികളെടുക്കുന്നിൻ അവകാശമുണ്ടെന്നു് ഇതിലേതെങ്കിലുമൊരു സംഘടന കരുതുന്നുണ്ടെങ്കിൽ അതു

കൽക്കരിഖനിയിൽ വമ്പിച്ച പൊട്ടിത്തെറി

മുന്നൂറിലധികംപേർ മൃതിയടഞ്ഞു

[പി. ടി. ഐ] ധൻബാദ്, മേയു് 28

ഹസാരിബാഗ് ജില്ലയിലെ ദോറി കൽക്കരി ഖനിയിലുണ്ടായ ഒരു ഭയങ്കര പൊട്ടിത്തെറിയെ തുടർന്ന് സൂപ്പർ വൈസറി സ്റ്റാഫ് ഉൾപ്പെടെ 300_ൽ അധികം ഖനിത്തൊഴിലാളികൾ കൽക്കുമുകളിലായിട്ടുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

ഷിഫ്റ്റാറംഭിക്കുന്നതിനുമുമ്പായി രാവിലെ 7 മണിക്കാണു് ഈ ഭയങ്കരപൊട്ടിത്തെറിയുണ്ടായതെന്നു് ഖനികളുടെ ചീഫ് ഇൻസ്പെക്ടർ സംഭവസ്ഥലത്തെത്തിയിരുന്ന ഒരു തൊഴിലാളി നേതാവായ മി. സന്ദശ്വിച്ച പി. ടി. ഐ. ലേഖകനോടു പറഞ്ഞു. ഈ പൊട്ടിത്തെറി നടന്നപ്പോഴും അകത്തേക്കും പുറത്തേക്കും പോയിക്കൊണ്ടിരുന്ന അനേകം തൊഴിലാളികളും ഖനിയുടെ ഭൂഗർഭമേഖലയിലുണ്ടായിരുന്നതായും അദ്ദേഹം പറഞ്ഞു. രണ്ടു രക്ഷാശ്രമപ്രവർത്തകരെയും പ്രദേശത്തെ പൊട്ടിത്തെറി ബാധിച്ചിട്ടുണ്ടു്. പൊട്ടിത്തെറിമൂലം എക്സിൻമുറിയും ടൈപ്പുചെയ്യുന്ന മുറിയും തകർന്നുപോയി. പൊട്ടിത്തെറിയുടെ നേരുത്തു്, ഉപരിതലത്തിലുണ്ടായിരുന്നവരിൽപ്പെടെ ജോലിസ്ഥലത്തുണ്ടായിരുന്നവരെല്ലാം കെല്പിട്ടുള്ളതായി സംഭവസ്ഥലത്തെത്തിയിരുന്ന ഒരു തൊഴിലാളി നേതാവായ മി. ബിന്ധേശ്വരി എം. എൽ. എ. [കോൺ] പ്രസ്താവിച്ചു

ഇന്നു രാവിലെ 9 മണിവരെ 6 മൃതദേഹങ്ങളാണു് ഈ ലേഖകൻ കാണുകയുണ്ടായി. തിരച്ചിൽ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കയാണു്.

അനേകം സ്ത്രീകളുൾപ്പെടെ അത്യാഹിതത്തിൽ പെട്ടവരുടെ ബന്ധുക്കൾ അവിടെ തടിച്ചുകൂടി, മാറ്റത്തടിച്ച നിലവിളിച്ചുകൊണ്ടിരിക്കുന്നതും ഈ ലേഖകൻ കാണുകയുണ്ടായി.

മറന്തിർത്തിർക്കുങ്കളുമായി കൂട്ടിക്കുഴയ്ക്കരുതു്

കച്ചു് പ്രശ്നത്തെപ്പറ്റി പ്രധാനമന്ത്രി

[പി ടി ഐ] ന്യൂഡൽഹി, മെ. 27

ഇന്ത്യാ–പാക് അതിർത്തിയിലെ മറ്റു പ്രശ്നങ്ങളുമായി കച്ചു് കാര്യം ബന്ധപ്പെടുത്തുന്നതിനുള്ള ഏതുശ്രമവും ഇന്ത്യക്കു് സ്വീകാര്യമല്ലെന്നു് പ്രധാന മന്ത്രി ശാസ്ത്രി ഇന്നിവിടെവെച്ചു പ്രസ്താവിച്ചു.

ദിവംഗതനായ നെഹ്റുവിൻെറ പ്രഥമപരമ വാർഷികദിനം സംബന്ധിച്ചു് ചേർന്ന ഒരു പൊതുയോഗത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

അതിർത്തിനിശ്ചയം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്നായി പാകിസ്ഥാനോടായും ഒരു മേശക്കു് ചുറ്റും ഇരിക്കുവാൻ ഇന്ത്യ ഒരുക്കമാണു്. എന്നാൽ,ഏതുസംഭാഷണവും നടക്കുന്നതിന്നുമുമ്പായി റാൺ ഓഫ് കച്ചിൽനിന്നും പാകിസ്ഥാൻ ഒഴിഞ്ഞുപോകുന്നതിന്നു് സമ്മതിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ബ്രിട്ടൻ നടത്തിവരുന്ന മദ്ധ്യസ്ഥശ്രമങ്ങളെപ്പറ്റി മി. ശാസ്ത്രി ഇങ്ങനെ പരാമർശിച്ചു: റാൺ ഓഫ് കച്ചിനെ സംബന്ധിച്ചു് കുറെക്കാലമായി പല സംഭാഷണങ്ങളും നടന്നവരുന്നുണ്ടു്. കാര്യങ്ങൾ താമസിച്ചുവെന്നു പറയേണ്ടിവന്നതിൽ എനിക്കു് ഖേദമുണ്ടു്. ഞാൻ റഷ്യയിലേയ്ക്കു് പുറപ്പെടുമ്പോൾ, പ്രശ്നം ഒന്നൊരണ്ടു ദിവസത്തിനകം തീരുമാനമാകുമെന്ന പ്രത്യാശിച്ചു. എന്നാൽ പിന്നീടു ബുദ്ധിമുട്ടുകൾ തടസ്ഥങ്ങൾക്കു അങ്ങിനെകാര്യങ്ങൾക്കു താമസം നേരിടുകയും ചെയ്തു."

യുദ്ധം ഒഴിവാക്കണമെന്നതാണു് ഇന്ത്യയുടെ ഉറച്ചനിലപാടു്. ജനങ്ങൾക്കു് കഷ്ടപ്പാടും ദുരിതവുമല്ലാതെ യുദ്ധംകൊണ്ടു മുണ്ടാകുന്നതു് ഒന്നുമില്ല. അതുകൊണ്ടാണു് ഇന്ത്യ സമാധാനപരമായ പരിഹാരത്തിനു് തയ്യാറാകുന്നതു്. എന്നാൽ അതു്, രാഷ്ട്രാന്തരം ആത്മാഭിമാനത്തിനു് അനുയോജ്യമായിരിക്കണമെന്നും ശാസ്ത്രി പറഞ്ഞു.

എന്തിനും തയ്യാറായിരിക്കുവാൻ പ്രധാനമന്ത്രി ജനങ്ങളോടാഹ്വാനം ചെയ്തു. നമ്മുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഏതുത്യാഗവും വലുതല്ല.

"ആത്മാവും ഒരു വലിയയുദ്ധത്തിൽ നമുക്കു് ഏർപ്പെടേണ്ടിവരികയില്ലെന്നും സമാധാനപരമായ ഒരു തീരുമാനമുണ്ടാകുമെന്നും ഇപ്പോഴും ഞാൻ പ്രത്യാശിക്കുന്നു. എന്നാൽ ഒരു യുദ്ധം വരികയാണെങ്കിൽ, നിങ്ങളുടെ സിരകളിലും എല്ലാ ശക്തിയുമാർജ്ജിച്ചു് രക്ഷിക്കുവാൻ നിങ്ങളും സന്നദ്ധരായിരിക്കണം. വിമാനങ്ങളോ ബോമ്പുകളോ നിങ്ങളെ രക്ഷിച്ചുലാക്കുക" ശാസ്ത്രി പറഞ്ഞു:

....

തടങ്കൽ തടവുകാക്കെതിരായ ആരോപണങ്ങൾ ബാലിശമാണെന്നു് ജ്യോതിബാസു

വിജയവാഡ, മെയു് 28

ഇടതുപക്ഷ കമ്മ്യൂണിസ്റ്റുകാരെക്കൂടാതെ മറ്റുള്ളവരും തടങ്കൽതടവുകാരായി ഗവമെണ്ടു കൊണ്ടുനടന്നിരിക്കുന്നുവെന്നുള്ള ആരോപണങ്ങളും ബാലിശവും നിയമത്തിനുമുന്നിൽ "വിലപ്പോകാത്തവയുമാണെന്നും ഇടതുപക്ഷ കമ്മ്യൂ: നേതാവു് മി. ജ്യോതിബാസു ഇവിടെവെച്ചു പ്രസ്താവിച്ചിരിക്കുന്നു. ഈ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനുമുമ്പായി വിഷയത്തെപ്പറ്റി വിശദമായി പഠിക്കുവാൻ അദ്ദേഹം ഗവമെണ്ടിനെ വെല്ലുവിളിച്ചു. വിചാരണ കൂടാതെ അവരെ തടങ്കലിൽവെച്ചിരിക്കുന്നതു് ഏറ്റവും ജനാധിപത്യവിരുദ്ധമായിപ്പോയി എന്നും അദ്ദേഹം പറഞ്ഞു.

പി ടി ഐ.

പുതിയ സൈനികത്താവളത്തെപ്പറ്റി കൂടിയാലോചിച്ചിട്ടില്ലെന്നു്

[റോയിട്ടർ] ലണ്ടൻ, മേയു് 28

ബ്രിട്ടൻറേയും സിയാറോയുടേയും സൈന്യത്തിനു് ഉപയോഗത്തിന്നായി ഇന്ത്യൻ സമുദ്രത്തിൽ പുതിയ സൈനികത്താവളം സ്ഥാപിക്കുന്നു സംബന്ധിച്ചു താൻ കൂടിയാലോചനകം നടത്തിവരുന്നുവെന്ന വാർത്തയെ കൊളോണിയൻ സിക്രട്ടറി മി. അന്തോണി ഗ്രീൻവുഡ് നിഷേധിച്ചിരിക്കുന്നു.

ഇന്ത്യൻ സമുദ്രത്തിൽ ഏതു നിയന്ത്രിത സൈന്യത്തിനും ഏറ്റവുമുന്നതിനുള്ളസാധ്യതകളെപ്പറ്റിയാണു് അമേരിക്കയുമായി പരിശോധനയിലുള്ളതു്. പ്രശ്നം ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണു്. ഒരു തീരുമാനത്തിലുമെത്തിയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

ഇന്തോനേഷ്യൻ മന്ത്രിസഭ

2 കമ്മ്യൂണിസ്റ്റുകളുൾപ്പെടെ 7 പേരെക്കൂടി ഉൾപ്പെടുത്തി

(റോയിട്ടർ) ജക്കാർത്ത, മേ. 28

രണ്ടു കമ്മ്യൂണിസ്റ്റുകാരുൾപ്പെടെ ഏഴു പുതിയ മന്ത്രിമാരെ പ്രസിഡണ്ടു് സൂക്കാർണ്ണോ നിയമിച്ചിരിക്കുന്നു.

ഇതോടെ ഇന്തോനേഷ്യൻ മന്ത്രിസഭയിലെ അംഗസംഖ്യ 86 ആയി.

യു. എൻ. ആസ്ഥാനവും ന്യൂഡൽഹിയുംതമ്മിൽ വയർലസ്സ് ബന്ധം

[പി. ടി. ഐ.) ന്യൂഡൽഹി മെ. 28

യു. എൻ ആസ്ഥാനവും ന്യൂഡൽഹിയും തമ്മിൽ ഒരു വയർലസ്സ്ബന്ധം സ്ഥാപിക്കുന്

തുഴലാളി

പോസ്റ്റ്ഷോക്സ് 90
ടെലഫോൺ 125

1965 മേയ് 29_ാംതീ ശനി

അവരെ വെറുതെ വിട്ടേയ്ക്കുക

വിമോചനസമരത്തിന്റെ വാഷ്പീകം സമാഗതമാവുകയാണ്. ഏകാധിപത്യത്തിനെതിരെ രണാങ്കണത്തിലിറങ്ങി വീരമരണം പ്രാപിച്ച നിരവധി രക്തസാക്ഷികളുടെ ചരമവാഷ്പികങ്ങളും ഇതാ പിന്നാലെപ്പിന്നാലെയുണ്ട്. അങ്കമാലി മുതൽ ചെറിയഴീക്കൽവരെ പരന്നകിടക്കുന്ന പുഴിപ്പാപ്പിൽ നെഞ്ഞുരുകി വീർപ്പുമുട്ടുന്ന നല്ലവരായ കുറെ മനുഷ്യത്മാവുകളുടെ ചരമവാഷ്പികടിനങ്ങളാം.

എന്നാൽ ഇന്നലെവരെ കാണാത്ത വല്ലാത്തൊരന്തരീക്ഷം ഇക്കൊല്ലം ആ പാവപ്പെട്ട മനുഷ്യത്മാവുകളുടെ ശ്രാദ്ധമാഘോഷിക്കാൻ ചില കേന്ദ്രങ്ങളിൽ കലശലായിക്കാണുന്നതിൽ ഞങ്ങളം അത്ഭുതപ്പെടുകയാണ്. ആ രക്തസാക്ഷികളുടെ പേരിൽ വിലപേശാനും അവരുടെ അസ്ഥിമാടങ്ങളുടെ അടിത്തറയിൽ പുതിയ രാഷ്ട്രീയസൗധങ്ങളം കെട്ടിപ്പൊക്കാനും ചില നിന്നു ഉയറിനക്കുന്നു കണ്ടുകൊണ്ടാണ് ഞങ്ങളിവരികം കുറിക്കുന്നു.

നാലഞ്ചുകൊല്ലങ്ങൾ മുമ്പ് ഒരിടവപ്പാതിയുടെ കരിമാനത്തിനകീഴെ നീങ്ങിക്കൊണ്ടിരുന്ന പോരാടി അവർ മരിച്ചു. ആയുധങ്ങളെടുക്കാനറിയാത്ത, അക്രമത്തിന്റെ ഭാഷയുമായി ബന്ധമില്ലാത്ത ആ ജനാധിപത്യ കാവൽഭടന്മാർ അന്ന് ചോര ഇപ്പിയും നെഞ്ചു പിളന്നും ഹൃദയം തകന്നും മരിച്ചു. നല്ലൊരു നാളെയ്ക്കുവേണ്ടി, നമ്മെ ജീവിപ്പിക്കാൻ വേണ്ടി, കമ്മ്യണിസ്റ്റ് ഏകാധിപത്യത്തിന്റെ വിഷപ്പല്ലുകം പിഴുതെറിയാൻ വേണ്ടി നമ്മ മാത്രം ആഗ്രഹിച്ച് ആ പാവങ്ങളം മരിച്ചു.

അവർ മീനംചിത്തക്കാരായിരുന്നു, തൊണ്ടിക്കുളംപുലത്തിയിലുള്ളവരായിരുന്നു, കാളവയലിതുടിച്ച് കളികളെപ്പോറന്നവരായിരുന്നു, മലയോരങ്ങളിൽ സ്വതന്ത്രം വിരചിക്കുന്നവരായിരുന്നു, സവ്വോപരി പട്ടിണിപ്പാവങ്ങളായിരുന്നു.

അവർ തീത്തോക്കുകം മുൻപിൽ വിരിമാറയത്തിനിന്നത് പാവങ്ങൾക്കു ജീവിക്കാൻ കഴിയുന്ന ഒരു പുത്തൻപുലരിപ്പിറപ്പിനു വേണ്ടിയായിരുന്നു. അഴിമതിയുടെ അഴുക്കുചാലിൽ മുങ്ങാത്ത ഒരു ഭരണകൂടം മിനഞ്ഞെടുക്കുന്ന തിനു വേണ്ടിയായിരുന്നു. കടിയിറക്കുന്നതുങ്ങളേയും മേൽച്ചുണ്ടു വീരന്മാരേയും കയ്യാമംവെയ്ക്കുവാൻ കെൽപുള്ള ഒരു സാമൂഹ്യവുവസ്ഥിതിക്കു ജന്മം നൽകാൻവേണ്ടിയായിരുന്നു.

കേരളത്തിലെ ഒരോറ മനുഷ്യജീവിയും തോക്കുകുകം മുമ്പിൽ കൊഴിഞ്ഞുവീഴരുതെന്നവർ ആശിച്ചു. മഹാത്മജിയുടേയും വീരമഹാവീരന്റേയും ചീപ്പിട്ടു മായാപടങ്ങം നിരത്തിയ ലോക്കപ്പുകളിൽ ഒരിക്കലും മനുഷ്യരക്തംതളംകെട്ടി നില്ക്കരുതെന്നവർ ആശിച്ചു. അവരുടെ വയറിനുവേണ്ടി മലയോരങ്ങളിൽ മരിച്ച ജീവിക്കുന്ന ഒരോറ കഷ്കനും കടിയിറക്കപ്പെടരുതെന്നും അവർ ആശിച്ചു. നാടുഭരിക്കുന്ന കരപ്രമാണികളുടേയും ജന്മിതത്തിന്റെ ജാരസന്തതികളുടേയും ക്ലബ്ബിപ്പട്ടാളങ്ങളുടെ കാരാഗ്രി മുനകളിൽ ഇവിടത്തെ പാവപ്പെട്ട കഷ്കർ പിടഞ്ഞുമരിക്കരുതെന്നും അവർ ആശിച്ചു.

അങ്ങിനെ ഒരു നല്ലനാളെയ്ക്കുവേണ്ടി അവർ മരിച്ചുവീണു. അങ്കമാലിയിലെ തെരുവീഥികളിൽ മനുഷ്യരക്തം കെട്ടിനു നു. വെട്ടുകാട്ടിലെ പൂഴിപ്പുറപ്പിൽ പൊടിച്ചുനിന പുൽക്കൊടികളുടെ മുണ്ടിൽ രക്തത്തുള്ളികം തുളുമ്പിത്തുളുമ്പി നിന്നു. ചെറിയഴീക്കലിലെ കടലോരത്തു് അറേബ്യനുൻ തിരമാലകളിൽ പരിശുദ്ധരായ ആ പാവങ്ങളുടെ രക്തം പതകെട്ടിനിന്നു.

അവസാനം അവർ ജയിച്ചു. തോക്കിന്റെ കുഞ്ചിയിൽ കയ്യമത്തിനിന്ന് കല്പനകൊടുത്ത എതിരാളിവർഗ്ഗം പരാജയപ്പെട്ടു.

ആ ചോരത്തുള്ളികളം വിറയ്ക്കാശ് മാറി പലതും അസംബ്ലിയിലെത്തി. ഒരു സുപ്രഭാതത്തിൽ കോൺ-പി എസ്. പി-പിവിഎസ്. സംയുക്ത മന്ത്രിസഭ കേരളത്തിൽ പൊറവന്നു.

പക്ഷേ ആ ഖദറിൽ പൊതിഞ്ഞ ജന്മിപ്രേതങ്ങളെ മന്ത്രിമന്ദിരയിലേയ്ക്കയർത്തിയ ആ ആത്മാക്കളെ ഓർക്കാൻ ആരുണ്ടായിരുന്നു. ആ സ്മാരകങ്ങളുടെ മുൻപിൽ ഒരു നല്ലവാക്കു മൊഴിയാൻ ആരും സമയംകിട്ടിയില്ല. ആ രക്തസാക്ഷികളുടെ അനാഥരായ കുടുംബങ്ങളെ ഒന്നു സമാശ്വസിപ്പിക്കാൻ ആ മന്ത്രിപുംഗവന്മാരുടെ അഭിമാനം സമ്മതിച്ചില്ല. അവരുടെ കുപ്പുകളിലേയ്ക്കൊന്നു കുനിഞ്ഞുകടക്കാൻ അധികാരഗർവ്വുകൊണ്ടു ഉയർത്തിപ്പിടിക്കപ്പെട്ട ആ ശിരസ്സുകം സമ്മതിച്ചില്ല. ആ രക്തസാക്ഷികളുടെ കിളന്തുകിടംങ്ങളുടെ കവിംത്തടങ്ങളിലൂടെ ഉരുണ്ടവീഴുന്ന കണ്ണീർമുത്തുകം ഒന്നു ഒപ്പിക്കൊട്ടക്കാൻ ലജ്ജാവുകവച്ചുക്കിടയിൽ ആ തമ്പുരാക്കന്മാക്ക് ഒഴിവുണ്ടായില്ല.

എല്ലാം സഹിക്കാമായിരുന്നു. പിന്നെ നടന്നതു വേദനാജനകമാണ്. കോൺ മന്ത്രിമാരുടെ കല്പനകംക്കൊത്തു കാക്കയുടുത്ത പോലീസുപട ആ രക്തസാക്ഷികളുടെ പിൻഗാമികളെ തങ്ങളുടെ കുപ്പുകളിൽനിന്നും അടിച്ചിറക്കി. വിമോചനസമരത്തിന്റെ ബലിവേദിയിൽ അർപ്പണം ചെയ്ത ആ വീരാത്മാക്കംക്ക് ജന്മനാലുള്ള ആ വൃദ്ധന്മാരേയും വൃദ്ധകളേയും അവർ നെഞ്ചത്തു കയറിയിരുന്ന മർദ്ദിച്ചു. ആ കുപ്പുകം തീക്കടലിൽ ഒലിച്ചുപോയി. വിമോചനസമരതേരാളികളുടെ പിൻഗാമികം തെരുവാധാരമായി.

അതിനെല്ലാം ഉത്തരവുകൊടുത്തവർ ഇന്നത്തെ കേരളം-ഇ. എം. എസ്. നേതാക്കന്മാരായിരുന്നു. ചാക്കോയുടേയും ശങ്കറിന്റെയും പിൻമുറക്കാരായ പണപ്രതാപികം.

അന്നുമുതലേ ആ രക്തസാക്ഷികളുടെ ആത്മാവുകം അനന്തതയിൽ ചിറകടിച്ച പിടയുകയാണ്. അവരുടെ അസ്ഥിമാടങ്ങളം അലകയാണ്.

അങ്കമാലിയുടെ അന്തരീക്ഷത്തിൽ അത് അലിഞ്ഞുചേർന്നിരിക്കുന്ന ഭീമാപ്പുള്ളിയിലും വരന്തരപ്പള്ളിയിലും എല്ലാം അത് മുഴങ്ങിക്കേംക്കുന്നു. പ്രതികാരത്തിന്റെ ശബ്ദം! വഞ്ചിക്കപ്പെട്ട ആത്മാവുകളുടെ അമർഷത്തിന്റെ ശബ്ദം!! നിതിക്കവേണ്ടിയുള്ള നിരപരാധികളുടെ നിലവിളി!!!

പ്രതികാരംകൊണ്ട് അലറുന്ന ആത്മാവുകളുടെ ചരമവാർഷികദിനം ആചരിക്കാനുള്ള മൽപ്പിടുത്തമാനിനും ചില കേന്ദ്രങ്ങളിൽ തിരക്കിട്ട നടക്കുന്നു. കോൺഗ്രസ്സും കേരള കോൺഗ്രസ്സും തമ്മിലുള്ള പിടിവലി.

കഴിഞ്ഞകൊല്ലംവരെ അഗണ്യകോടിയിൽ തള്ളിയ ആ രക്തസാക്ഷികളുടെ ചരമവാർഷികമാഘോഷിക്കാൻ ഇന്നെവിടെനിന്നവക്ക് പ്രചോദനം കിട്ടി? അഥവാ ആ നല്ലവരുടെ ചരമവാർഷികം ആഘോഷിക്കാൻ ഈ രാഷ്ട്രീയവൃഭിചാരികൾ ആരാണ്? ഇതൊക്കെയാണ് ജനങ്ങൾക്കറിയേണ്ടതു്.

ആത്മാവുകളുടെ നേർക്ക് കൊഞ്ഞനംകുത്തിയ നേതാക്കന്മാർ, ആ ശവശരീരങ്ങളം വിറ്റു കാശാക്കി സ്വന്തം ഇരിപ്പിടങ്ങംക്ക അടിത്തറയുറപ്പിച്ച നേതാക്കന്മാർ, ആ നല്ലവരുടെ പിൻഗാമികളെ കടിയിറക്കി കണ്ണീരൊഴുക്കിച്ച നേതാക്കന്മാർ, ആ പാവങ്ങളുടെ രക്തംവീണ സ്ഥലങ്ങളുടെ മുറ്റത്തുനിന്നും അവരുടെ മക്കളുടെ പക്കൽനിന്നും പകിടിവാങ്ങി പ്രവേശനം അനുവദിച്ച നേതാക്കന്മാർ- അവരെല്ലാമാണ് ഇന്നു ആ രക്തസാക്ഷികം തങ്ങളുടേതാണെന്നു് തരകിലെ ലേലക്കാരനെപ്പോലെ ഉറക്കെ വിളിച്ചുകൂവുന്നതു്.

നല്ലൊരു നാളേയ്ക്കുവേണ്ടി സ്വയം അർപ്പണംചെയ്ത ആ കേരളത്തിന്റെ വീരപുത്രന്മാരോട് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ ഇനിയും നിങ്ങംക്കവരുടെ ആത്മാക്കളെ വേദനിപ്പിക്കാതിരിക്കാൻ മനസ്സുണ്ടാകുമോ?

—•—

ഇന്തോ-ഇറാഖ് വ്യാപാര ഉടമ്പടി അംഗീകരിച്ചു

ന്യൂഡൽഹി, മേ. 27

1962ലെ ഇന്തോ-ഇറാഖ് വ്യാപാര ഉടമ്പടിയുടെ അനുബന്ധത്തിനു് ഇരു രാജ്യങ്ങളും അംഗീകാരം നൽകിയിരിക്കുന്നു. മേയ് 23-നു് ബാഗ്ദാദിൽ ഇറാഖ് വിദേശകാര്യവകുപ്പു ഡെപ്യൂട്ടി മന്ത്രിയും തമ്മിൽ നടന്ന ചച്ചുകൾക്കുശേഷമാണു് അനുബന്ധം അംഗീകരിക്കപ്പെട്ടതു്.

....

80 കോടി ടൺ ഇരുമ്പയിര് ഇന്ത്യയിൽ ഉണ്ടെന്നു്

ന്യൂഡൽഹി, മേ 28

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ത്യൻ ഖനനകാര്യാലയം ഈയിടെ നടത്തിയ പ്രാഥമിക പര്യവേക്ഷണങ്ങളം മൊത്തം 80 കോടി ടണ്ണിലധികം വരുന്ന ഇരുമ്പയിര് നിക്ഷേപങ്ങളുടെ സാന്നിദ്ധ്യം തെളിയിച്ചിരിക്കുന്നു.

കൂടാതെ, 10 കോടി ടൺ ചെമ്പയിര്, 1,2 കോടി ടൺ മഗ്നീഷ്യം അയിര്, 22 ലക്ഷം ടൺ മണ്ണാമ്പുകല്ല്, 28 ലക്ഷം ടൺ ഫോസ്ഫോറസ് എന്നിവ നിക്ഷേപങ്ങളും കണ്ടെത്തിയിട്ടുണ്ടു്.

....

സാഹിത്യപരിഷത്ത്

വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും കൈകളിൽവീണ്ടുംപകിടകളിക്കരുതു

പുതിയ സാഹചര്യത്തിൽ നമുക്കു് ഒരൊറ്റ സാഹിത്യസംഘടന മതിയാവുകയില്ലേ?

പരിഷത്ത് സമ്മേളനത്തിൽ പ്രൊഫ. മുണ്ടശ്ശേരിയുടെ അദ്ധ്യക്ഷ പ്രസംഗം

(സ്വന്തം പ്രതിനിധി) ഉണ്ണായി നഗർ(ഇരിങ്ങാലക്കുട, മേയ് 28

സാഹിത്യപരിഷത്തു് മേലിലെങ്കിലും ചില ചില വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും സാഹിതീയമല്ലാത്ത താത്പര്യങ്ങളുടെ കൈയിൽ പകിടകളിക്കാതിരിക്കണം. കേരളസാഹിത്യ സമിതി പോലുള്ള ഇതരസംഘടനകളുടെ ഭാവിയും ഭാസുരമാകണമെന്നുണ്ടെങ്കിൽ ഈ പകിടകളി ഒഴിവാക്കിയേ പറ്റൂ—എന്നു് ഇവിടെ ക്രൈസ്റ്റ് കോളേജു് ഓഡിറ്റോറിയത്തിൽ കമനീയമായി അലങ്കരിച്ചിട്ടുള്ള ഉണ്ണായി നഗറിൽ ചേന്ന സാഹിത്യപരിഷത്തിന്റെ 29_ാംവാഷികത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് പരിഷത്തു് അദ്ധ്യക്ഷൻ ശ്രീ ജോസഫ് മുണ്ടശ്ശേരി പ്രസ്താവിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൻ നമുക്കൊരൊറ്റ സാഹിത്യസംഘടന മതിയാവുകയില്ലേയെന്നും മുണ്ടശ്ശേരി ചോദിക്കുകയുണ്ടായി.

പ്രസംഗത്തിന്റെ പൂണ്ണരൂപം മുവടെ ചേർക്കുന്നു:

കരയേറെക്കാലമായി വാദിയും പ്രതിയുമായി കഴിഞ്ഞുകൂടിയ രാമൻ സ്ഥിതാധ്യക്ഷപദവിയിൽ വന്നവീണ്ടുപോയാൽ എന്തു പറയണമെന്നും എന്തുചെയ്യണമെന്നും അറിഞ്ഞുകൂടാത്ത ഒരവസ്ഥാവിശേഷമുണ്ടാവും, ആ അവസ്ഥാവിശേഷത്തിൽ നിന്നുകൊണ്ടാണ് എനിക്കിന്നു നിങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതു്. സമസ്തകേരള സാഹിത്യപരിഷത്തിന്റെ സ്ഥിരാധ്യക്ഷപദവി ഏറെറടുക്കണമെന്നു് അതിനേറെ ഇന്നത്തെ പ്രവർത്തകന്മാർ നേരിട്ടെന്നോടാവശ്യപ്പെട്ടപ്പോൾ. സത്യം പറയട്ടെ, ആ ആവശ്യം അംഗീകരിപ്പാൻ എനിക്കൊട്ടും ഉത്സാഹം തോന്നിയില്ല. ആ ഉത്സാഹക്കുറവുപോലെത്തന്നെ അവരെ അറിയിക്കുകയും ചെയ്തു. പിന്നെയും അതിനെസ്സംബന്ധിച്ചുള്ളാസിന നായി രിക്കേയാണു് എന്നെ സ്ഥിരാധ്യക്ഷനായി തിരഞ്ഞെടുത്ത വാർത്ത വെണ്ണീറ്റായക്ഷരത്തിൽ മന്നിലധികം പത്രങ്ങളിൽ അച്ചടിച്ചുവന്നതു്. പുതിയൊരു മാറാപ്പുകെട്ടി തോളിൽ വച്ചവീണുവല്ലോ എന്നോത്തമ്പന്നിരിക്കെ വഴിയെ കണ്ടവരൊക്കെ എന്നെ അങ്ങോട്ടഭിനന്ദിക്കുകയായി. എന്തിനാണാനമോദിച്ചതെന്നെനിക്കു മനസ്സിലായില്ല. കള്ളനെ പിടിച്ചുതാക്കോലുകാരനാക്കിയാൽ എന്തുവരുമെന്നു കാണട്ടേ എന്നായിരുന്നുവോ അന്നമോദനത്തിന്റെ പൊരുൾ? അങ്ങനെയും തോന്നാതിരുന്നില്ല. ഒരു പത്രാധിപർവ്യക്തമായഭാഷയിൽഎന്നെതാക്കീതു് ചെയ്യുകയുണ്ടായി. ഒറ്റ വായനയ്ക്കു ഭീഷണതനായിത്തോന്നും. എന്നാലതേറെ, 'നിങ്ങളിതുകാലം പരിഷത്തിനെ കുറവും കുറവും പറഞ്ഞിരുന്ന ആളാണല്ലൂ, നിങ്ങളെത്തന്നെ അതിനൊരു തലപ്പത്തവരോധിച്ചു സ്ഥിതിക്ക് അതിനെ ഉടൻതൽ പ്രയോജനകരമാക്കാൻ വിശേഷിച്ചും ബാദ്ധ്യതയുണ്ടു്' എന്നിങ്ങനെ എന്നെ നോക്കിട്ട് ഭീഷണിപ്പെടുത്തിയ പോലെയാണ് തോന്നിയതു്. എന്തായാലും ഇതൊക്കെ കഴിഞ്ഞുപോയ കാര്യങ്ങളല്ലോ, അവയിൽനിന്നുപോലും കാലം ചെല്ലുതോറും പരിഷത്തു പിൻവാങ്ങിപ്പോന്നില്ലേ എന്ന പലപ്പോഴും തോന്നിപ്പോയിട്ടുണ്ടു്.

ഒത്തൊരുമിച്ചു് ഉത്സാഹിക്കണം

പ്രാരംഭത്തിൽ സാഹിത്യപരിഷത്തു സാഹിത്യകാരന്മാരുടെ മാത്രം ഒരേർപ്പാടായിരുന്നു. ഒരു സംഘടനയെന്ന നിലയിൽ രജിസ്റ്റർ ചെയ്തപ്പോഴും ഏറെക്കുറെ അതായിരുന്നു അതിനെറെ പ്രകൃതം. കേരളസാഹിത്യ സമിതി പോലുള്ള ഇതരസംഘടനകളുടെ ഭാവിയും ഭാസുരമാകണമെന്നുണ്ടെങ്കിൽ ഈ പകിടകളി ഒഴിവാക്കിയേ പറ്റൂ—എന്നു് ഇവിടെ ക്രൈസ്റ്റ് കോളേജ് ഓഡിറ്റോറിയത്തിൽ കമനീയമായി അലങ്കരിച്ചിട്ടുള്ള ഉണ്ണായി നഗറിൽ ചേന്ന സാഹിത്യപരിഷത്തിന്റെ 29_ാംവാഷികത്തിന്റെ ഉൽഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് പരിഷത്തു് അദ്ധ്യക്ഷൻ ശ്രീ ജോസഫ് മുണ്ടശ്ശേരി പ്രസ്താവിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൻ നമുക്കൊരൊറ്റ സാഹിത്യസംഘടന മതിയാവുകയില്ലേയെന്നും മുണ്ടശ്ശേരി ചോദിക്കുകയുണ്ടായി.

പ്രസംഗത്തിന്റെ പൂണ്ണരൂപം മുവടെ ചേർക്കുന്നു:

കരയേറെക്കാലമായി വാദിയും പ്രതിയുമായി കഴിഞ്ഞുകൂടിയ രാമൻ സ്ഥിതാധ്യക്ഷപദവിയിൽ വന്നവീണ്ടുപോയാൽ എന്തു പറയണമെന്നും എന്തുചെയ്യണമെന്നും അറിഞ്ഞുകൂടാത്ത ഒരവസ്ഥാവിശേഷമുണ്ടാവും, ആ അവസ്ഥാവിശേഷത്തിൽ നിന്നുകൊണ്ടാണ് എനിക്കിന്നു നിങ്ങളെ അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ളതു്. സമസ്തകേരള സാഹിത്യപരിഷത്തിന്റെ സ്ഥിരാധ്യക്ഷപദവി ഏറെറടുക്കണമെന്നു് അതിനേറെ ഇന്നത്തെ പ്രവർത്തകന്മാർ നേരിട്ടെന്നോടാവശ്യപ്പെട്ടപ്പോൾ. സത്യം പറയട്ടെ, ആ ആവശ്യം അംഗീകരിപ്പാൻ എനിക്കൊട്ടും ഉത്സാഹം തോന്നിയില്ല. ആ ഉത്സാഹക്കുറവുപോലെത്തന്നെ അവരെ അറിയിക്കുകയും ചെയ്തു. പിന്നെയും അതിനെസ്സംബന്ധിച്ചുള്ളാസിന നായി രിക്കേയാണു് എന്നെ സ്ഥിരാധ്യക്ഷനായി തിരഞ്ഞെടുത്ത വാർത്ത വെണ്ണീറ്റായക്ഷരത്തിൽ മന്നിലധികം പത്രങ്ങളിൽ അച്ചടിച്ചുവന്നതു്. പുതിയൊരു മാറാപ്പുകെട്ടി തോളിൽ വച്ചവീണുവല്ലോ എന്നോത്തമ്പന്നിരിക്കെ വഴിയെ കണ്ടവരൊക്കെ എന്നെ അങ്ങോട്ടഭിനന്ദിക്കുകയായി. എന്തിനാണാനമോദിച്ചതെന്നെനിക്കു മനസ്സിലായില്ല. കള്ളനെ പിടിച്ചുതാക്കോലുകാരനാക്കിയാൽ എന്തുവരുമെന്നു കാണട്ടേ എന്നായിരുന്നുവോ അന്നമോദനത്തിന്റെ പൊരുൾ? അങ്ങനെയും തോന്നാതിരുന്നില്ല. ഒരു പത്രാധിപർവ്യക്തമായഭാഷയിൽഎന്നെതാക്കീതു് ചെയ്യുകയുണ്ടായി. ഒറ്റ വായനയ്ക്കു ഭീഷണതനായിത്തോന്നും. എന്നാലതേറെ, 'നിങ്ങളിതുകാലം പരിഷത്തിനെ കുറവും കുറവും പറഞ്ഞിരുന്ന ആളാണല്ലൂ, നിങ്ങളെത്തന്നെ അതിനൊരു തലപ്പത്തവരോധിച്ചു സ്ഥിതിക്ക് അതിനെ ഉടൻതൽ പ്രയോജനകരമാക്കാൻ വിശേഷിച്ചും ബാദ്ധ്യതയുണ്ടു്' എന്നിങ്ങനെ എന്നെ നോക്കിട്ട് ഭീഷണിപ്പെടുത്തിയ പോലെയാണ് തോന്നിയതു്. എന്തായാലും ഇതൊക്കെ കഴിഞ്ഞുപോയ കാര്യങ്ങളല്ലോ, അവയിൽനിന്നുപോലും കാലം ചെല്ലുതോറും പരിഷത്തു പിൻവാങ്ങിപ്പോന്നില്ലേ എന്ന പലപ്പോഴും തോന്നിപ്പോയിട്ടുണ്ടു്.



പോഷ്ണിസഭയുടെയും മറവും ജാതകഫലം നേരിട്ടനുഭവിച്ചറിഞ്ഞിട്ടും ആ സമസ്തകേരളഭാവനയിൽനിന്നു പിന്തിരിയാൻ അവർ കൂട്ടാക്കിയില്ല. ഏതാനും കൊല്ലത്തിനുള്ളിൽ കേരളത്തിന്റെ ഒരറ്റത്തുള്ള അംഗങ്ങൾക്കു തങ്ങളുടെ തീരുമാനം സ്വാതന്ത്രകമാക്കാൻ ശ്രമിക്കുകയുണ്ടായി. അതിലപ്പുറവും അവരുടെ കുപ്പുകളത്തിയിരിക്കണം. മലയാളഭാഷയും അതിലെ സാഹിത്യവും—അതീക്കേരളക്കരയുടെ തെക്കേ അറ്റംതൊട്ട് വടക്കേ അറ്റംവരെ ഇടതിങ്ങിപ്പുക്കുന്ന എല്ലാവരുടെയും ആശയാഭിലാഷങ്ങളുംകൊണ്ടുൾക്കൊള്ളുന്നു മാകണം. സമസ്തകേരളമെന്ന വിശേഷണം ഞാൻ അവർ വിവക്ഷിച്ചിരുന്ന മറവൊരു വലിയ നേട്ടം ഇതാവണം. അതിനെന്തൊക്കെ ചെയ്യണമെന്ന കാര്യം വേറെ ഭാഷയുടേയും സാഹിത്യത്തിനേറെയും അഭിവൃദ്ധിയിൽ തികച്ചും നിവിഷ്ടമതികമായിരുന്ന അന്നത്തെ സാഹിത്യഭഗീരഥന്മാർ കണ്ടുവെച്ച ആ കന്നരണ്ടു കാര്യങ്ങളുണ്ടല്ലോ, അവയിൽനിന്നുപോലും കാലം ചെല്ലുതോറും പരിഷത്തു പിൻവാങ്ങിപ്പോന്നില്ലേ എന്നു പല പ്രാവശ്യം തോന്നിപ്പോയിട്ടുണ്ടു്.

"അഞ്ചേകാലും കോപ്പും"

കുറച്ചുവസക്തിമായി തോന്നുതെന്നിരുന്നാലും അങ്ങോട്ടമിങ്ങോട്ടുള്ള ഈ പിടിച്ചുവലികൊണ്ടിരുന്നതിന്റെ കാലാവസ്ഥയിൽ സാഹിത്യപ്രിയന്മാർ ആവശ്യമിഞ്ഞിരിക്കേണ്ട ഒരു സംഗതി കുറഞ്ഞൊന്നുമായിരുന്നില്ലൂ. കഷ്ടിച്ചുജീവിതം കഴിച്ചുകൂട്ടുന്നവരുടെ നാടുവാഴിക്കുടംബങ്ങളുടെയും മറവം 'അഞ്ചേകാലും കോപ്പും' കൊണ്ടായിരുന്നു. ആ അഞ്ചേകാൽ കോപ്പു കൊടുക്കാനും വാങ്ങാനും സ്വവ്വസ്വഹിന്ദുക്കളേ ഉണ്ടായുള്ള അന്നൊക്കെ. സാഹിത്യകാരന്മാർ പൊതുവേ കൈകാര്യം ചെയ്തിരുന്നതോ, ആ രക്ഷാധികാരികളുടെ അഭിലാഷങ്ങളും അവജ്ഞാനങ്ങളും മാത്രവും. പ്രായേണ മുതലാളിവർഗത്തിന്റെ പ്രതിനിധികളുടെ വക്താക്കന്മാരായ ലിബറൽ പാർട്ടിക്കാരുടെ പ്രശംസിയിന്മേൽ കിടന്നു തിരിഞ്ഞിരുന്ന ആ കാലഘട്ടത്തിൽ പരിഷത്തിനെ ഏതാണൊരു വർഗ്ഗീയ സ്ഥാപനമായി ചിലർ കണ്ടുപോയതിൽ തെറ്റില്ലൂ. ആദ്യമാദ്യം അനാസ്പദമായ ആശങ്കയായി പൊന്തിവന്നതെന്തോ അതു പിന്നത്തെ റാങ്കിൽ ഏറെക്കുറെ ആസ്പദത്തോടുകൂടിയ ആരോപണമായി എന്നവുണ്ടായി. കേന്ദ്രമന്ത്രിമാരെയും മുഖ്യമന്ത്രിമാരെയും അമുഖ്യമന്ത്രിമാരെയുമൊക്കെ സാഹിത്യകാരന്മാരാക്കാൻ വെമ്പിയതോടെ പരിഷത്തിനെ വേറെചില വ്യക്തികളും ഗ്രൂപ്പുകളും കൈയടക്കാൻ രണ്ടുംകല്പിച്ചൊരുങ്ങിക്കളഞ്ഞു. രാഷ്ട്രീയത്തിലെന്നപോലെ വെറം വോട്ടപിടിത്തത്താൽ തീരുമാനിക്കേണ്ട കന്നായി പ്പോയി പരിഷത്തിൻറെ ഭാഗധേയം. സാഹിത്യത്തിന്റെ പേരിൽ ജാതകമെഴുതിപ്പുറപ്പെട്ട വേറെ പലസ്ഥാപനങ്ങൾക്കും അനുഭവപ്പെട്ടിട്ടുള്ളതാണ് ഈ ഭാഗ്യവിപര്യയം. ഈ ദ്വീപാകതതിൽ നിന്നു മോചിപ്പിച്ചു പരിഷത്തിനെ,അതിന്റെ ഉപജ്ഞാതാക്കന്മാർ വിഭാവനംചെയ്തുപോലെ, സമസ്തകേരളസാഹിത്യപോഷണത്തിനുള്ള ഒരേജൻസിയായി വളർത്തിയെടുക്കാൻ നാമെല്ലാവരും ഒത്തൊരുമിച്ചുസാഹിക്കണം എന്നതാണ് എനിക്ക നിങ്ങളുടെ മുമ്പിൽ ആദ്യമായി വെയ്ക്കുന്നുള്ള നിർദ്ദേശം.

"അഞ്ചേകാലും കോപ്പും"

കുറച്ചുവസക്തിമായി തോന്നുതെന്നിരുന്നാലും അങ്ങോട്ടമിങ്ങോട്ടുള്ള ഈ പിടിച്ചുവലികൊണ്ടിരുന്നതിന്റെ കാലാവസ്ഥയിൽ സാഹിത്യപ്രിയന്മാർ ആവശ്യമിഞ്ഞിരിക്കേണ്ട ഒരു സംഗതി കുറഞ്ഞൊന്നുമായിരുന്നില്ലൂ. കഷ്ടിച്ചുജീവിതം കഴിച്ചുകൂട്ടുന്നവരുടെ നാടുവാഴിക്കുടംബങ്ങളുടെയും മറവം 'അഞ്ചേകാലും കോപ്പും' കൊണ്ടായിരുന്നു. ആ അഞ്ചേകാൽ കോപ്പു കൊടുക്കാനും വാങ്ങാനും സ്വവ്വസ്വഹിന്ദുക്കളേ ഉണ്ടായുള്ള അന്നൊക്കെ. സാഹിത്യകാരന്മാർ പൊതുവേ കൈകാര്യം ചെയ്തിരുന്നതോ, ആ രക്ഷാധികാരികളുടെ അഭിലാഷങ്ങളും അവജ്ഞാനങ്ങളും മാത്രവും. പ്രായേണ മുതലാളിവർഗത്തിന്റെ പ്രതിനിധികളുടെ വക്താക്കന്മാരായ ലിബറൽപാർട്ടിക്കാരുടെ വ്യക്തിപ്രശംസിയിന്മേൽ കിടന്നു തിരിഞ്ഞിരുന്ന ആ കാലഘട്ടത്തിൽ പരിഷത്തിനെ ഏതാണൊരു വർഗ്ഗീയ സ്ഥാപനമായി ചിലർ കണ്ടുപോയതിൽ തെറ്റില്ലൂ. ആദ്യമാദ്യം അനാസ്പദമായ ആശങ്കയായി പൊന്തിവന്നതെന്തോ അതു പിന്നത്തെ റാങ്കിൽ ഏറെക്കുറെ ആസ്പദത്തോടുകൂടിയ ആരോപണമായി എന്നവുണ്ടായി. കേന്ദ്രമന്ത്രിമാരെയും മുഖ്യമന്ത്രിമാരെയും അമുഖ്യമന്ത്രിമാരെയുമൊക്കെ സാഹിത്യകാരന്മാരാക്കാൻ വെമ്പിയതോടെ പരിഷത്തിനെ വേറെചില വ്യക്തികളും ഗ്രൂപ്പുകളും കൈയടക്കാൻ രണ്ടുംകല്പിച്ചൊരുങ്ങിക്കളഞ്ഞു. രാഷ്ട്രീയത്തിലെന്നപോലെ വെറം വോട്ടപിടിത്തത്താൽ തീരുമാനിക്കേണ്ട കന്നായി പ്പോയി പരിഷത്തിൻറെ ഭാഗധേയം. സാഹിത്യത്തിന്റെ പേരിൽ ജാതകമെഴുതിപ്പുറപ്പെട്ട വേറെ പലസ്ഥാപനങ്ങൾക്കും അനുഭവപ്പെട്ടിട്ടുള്ളതാണ് ഈ ഭാഗ്യവിപര്യയം. ഈ ദ്വീപാകതതിൽ നിന്നു മോചിപ്പിച്ചു പരിഷത്തിനെ,അതിന്റെ ഉപജ്ഞാതാക്കന്മാർ വിഭാവനംചെയ്തുപോലെ, സമസ്തകേരളസാഹിത്യപോഷണത്തിനുള്ള ഒരേജൻസിയായി വളർത്തിയെടുക്കാൻ നാമെല്ലാവരും ഒത്തൊരുമിച്ചുസാഹിക്കണം എന്നതാണ് എനിക്ക നിങ്ങളുടെ മുമ്പിൽ ആദ്യമായി വെയ്ക്കുന്നുള്ള നിർദ്ദേശം.

സാഹിത്യവും ക്രിസ്ത്യാനികളും

ഗദ്യസാഹിത്യത്തിന്റെ വികാസത്തോടൊപ്പം ഇവിടത്തെ ക്രിസ്ത്യാനികളിൽ പലരും പരക്കേ ജനസമ്മതി നേടത്തക്കവിധം പാണ്ഡിത്യം നേടി നല്ല എഴുത്തുകാരായിത്തീർന്നിട്ടുണ്ട്. മുസ്ലീംകൾക്കിടയിൽനിന്നും മേലേക്കിട എഴുത്തുകാരുണ്ടാവുന്നതിപ്പോൾ. എന്നാലും ഒരു സംഗതി എടുത്തുപറയേണ്ടിയിരിക്കുന്നു: മതത

രാഷ്ട്രശില്പിയുടെ പാവന സ്മരണക്കുമുമ്പിൽ 40 കോടി ജനത മുകുളീകൃതാണികളോടെ മൂട്ടമടക്കി നിന്നു

കണ്ണീരും പൂക്കളുംകുന്നുകൂടിയ ശാന്തിവനത്തിനായിരങ്ങൾ തിങ്ങിക്കൂടി ഭക്തിപൂർവ്വം ആദരാഞ്ജലികൾ അർപ്പിച്ചു—ഹൃദ്പരിവും കൂട്ടികളുടെ ഘോഷങ്ങളും സിമ്പോസിയങ്ങളും പൊതുയോഗങ്ങളും നാടെങ്ങും നടത്തപ്പെട്ടു

നൂൽഹി, മേയ് 28

രാഷ്ട്രശില്പിയായ ജവഹർലാൽ നെഹ്റുവിന്റെ പ്രഥമവാർഷികദിനമായ ഇന്നലെ ഭാരതം മുഴുവനായും ആ ലോകനേതാവിനു് ആദരാഞ്ജലികൾ അർപ്പിച്ചതായി റിപ്പോർട്ടുകൾ കിട്ടിക്കൊണ്ടിരിക്കുന്നു.

തലസ്ഥാന നഗരിയിൽ പ്രസിഡന്റു് രാധാകൃഷ്ണനും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും ക്യാബിനറ്റു് മന്ത്രിമാരും ആയിരക്കണക്കിനു് പൗരന്മാരും അനുഗതരായി ശാന്തിഭവനത്തിലെ, നെഹ്റു സമാധിയിൽ പുഷ്പചക്രങ്ങൾ സമർപ്പിച്ചു.

കിഴക്കു് വെള്ളപുശിയതോളുകൂടി നെഹ്റു കുടുംബത്തിലെ അംഗങ്ങളും സുഹൃത്തുക്കളും ആരാധകരും തീൻമൂർത്തിയിൽ എത്തിച്ചേർന്നു. പരിപാവനവും പ്രശാന്തഗംഭീരവുമായ അവിടത്തെ അന്തരീക്ഷത്തിൽ നെഹ്റുവിന്റെ സ്മരണയ്ക്കായുള്ള ഒരു ചടങ്ങു് നടക്കുകയുണ്ടായി. സ്വാതന്ത്ര്യലബ്ധിക്കുശേഷം 16 കൊല്ലം ജവഹർലാൽ നെഹ്റു ജീവിച്ചും പ്രവർത്തിച്ചും തീൻമൂർത്തിയിലാണു്. തീൻമൂർത്തിഭവനം ഇപ്പോൾ നെഹ്റുവിന്റെ എണ്ണറ സ്മാരകങ്ങൾകൊണ്ടു് നിറഞ്ഞിരിക്കയാണു്. ഗീതയിൽനിന്നും മാറു് വേദപുസ്തകങ്ങളിൽനിന്നുമുള്ള വരികളും പൊല്ലിയതിനുശേഷം ശ്രീമതി എം. എസ്. സുബ്ബലക്ഷ്മിയുടെ ഗാനാലാപം ഉണ്ടായിരുന്നു. ശ്രീമതി സുബ്ബലക്ഷ്മി ഒരു മണിക്കൂർനേരം ഭക്തിഗാനങ്ങൾ ആലപിക്കുകയുണ്ടായി.

ഒരു കൊല്ലത്തിനുമുമ്പു് ജവഹർലാൽ നെഹ്റുവിന്റെ ഭൗതികശരീരം ഭസ്മീകരിച്ച ശാന്തിവനത്തിലത്തിയ ഡോ: രാധാകൃഷ്ണൻ നമ്പ്യാടനായി സമാധി പീഠത്തിൽ കയറിച്ചെന്നു് ഒരു റീത്തു സമർപ്പിക്കുകയും ഏതാനംനിമിഷം കൈകൂപ്പി നശ്ശരീരസ്മൃതിയായി നിലകൊള്ളുകയും ചെയ്തു.

സ്ത്രീകളും കുട്ടികളും ഉൾപ്പെടെ ഒരു വമ്പിച്ച ജനതതി നോക്കിനില്പുണ്ടായിരുന്നു. ഇന്ത്യൻസേനയുടെ മൂന്നു വിഭാഗങ്ങളും സൈനികോപചാരങ്ങൾ നിർവ്വഹിച്ചു.

ശാന്തിവനത്തിൽ ആദ്യം സന്നിഹിതരായവരിൽ ജവഹർലാൽ നെഹ്റുവിന്റെ സഹോദരി മിസ്സിസ്സ് വിജയലക്ഷ്മി പണ്ഡിറും ഉണ്ടായിരുന്നു. പ്രധാനമന്ത്രി ലാൽ ബഹദൂർശാസ്ത്രി സമാധിയിൽ വെള്ളറോസാപ്പൂവുകൊണ്ടുള്ള ഒരു ഹാരം അർപ്പിച്ചശേഷം നെഹ്റുവിന്റെ സ്മരണയ്ക്കു് ആദരാഞ്ജലികളർപ്പിച്ചു.

പ്രസിഡന്റും പ്രധാനമന്ത്രിയും പിൻവാങ്ങിയശേഷം എല്ലാ ഭാഗത്തുനിന്നും ജനങ്ങൾ സമാധിയിലേയ്ക്കു് തള്ളിക്കയറി. ദശവത്സരങ്ങളായി തങ്ങളുടെ സ്നേഹാദരങ്ങൾക്കു് പാത്രീഭൂതനായിരുന്ന പ്രിയപ്പെട്ട നേതാവിന്റെ സ്മരണയ്ക്കു് ആദരാഞ്ജലികൾ അർപ്പിക്കുന്നായി. ജനങ്ങൾ പുമാലകളും പൂക്കളും പുഷ്പചക്രങ്ങളുമായി സമാധിയിലേയ്ക്കു് തിക്കിക്കയറുന്ന കാഴ്ച ഹൃദയസ്പർശിയായിരുന്നു. പല്ലുകാലം കിളിത്തു് ഒരു പച്ചപ്പട്ടു് വിരിപ്പിണഞ്ഞുപോലെ (മനോഹരമായിരുന്ന നെഹ്റു സമാധി ഇന്നു പുമയമായി. റോസ് പുഷ്പങ്ങൾകൊണ്ടു് പ്രത്യേകം അലങ്കൃതമായിരുന്നു.

തിരുവനന്തപുരത്തു്

തിരു. മേയ് 28

ജവഹർലാൽ നെഹ്റുവിന്റെ നാമം ചരമവാർഷികദിനമായ ഇന്നലെ നിശ്ചയനാനപുരം പൊതുമൈതാനി അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ കാലടികൾ പിന്തുടർന്നു് രാഷ്ട്രത്തിന്റെ അഭ്യുന്നതിക്കു സ്വാതന്ത്ര്യസംരക്ഷണത്തിനുംവേണ്ടി ആത്മാർപ്പണം ചെയ്യുന്നതിനു പ്രതിജ്ഞയെടുക്കുകയും ചെയ്തിരിക്കുന്നു.

നെഹ്റുവിന്റെ ചരമദിനാചരണം പ്രമാണിച്ചു് ഇന്നലെവൈകുന്നേരം മഹാശേഖരൻനായർ സ്റ്റേഡിയത്തിൽകൂടിയ പൊതുസമ്മേളനത്തിൽ ഗവർണ്ണർ എ. പി. ജയിൻ അദ്ധ്യക്ഷം വഹിച്ചു ശ്രീ. എം. പി. മന്മഥൻ, മാസ്റ്റർ അനിൽ എന്നിവർ പ്രസംഗിച്ചു യോഗത്തിനുമുമ്പു് നഗരവീഥികളിൽകൂടി സിറോയിലെ വിവിധ സ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥികളുടെ മഹനജാഥയുണ്ടായിരുന്നു. ഈ യിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ നല്ലൊരു ജനക്കൂട്ടവും സമ്മേളനസംബന്ധിച്ചിരുന്നു.

ഗവർണ്ണരുടെ ഉൽബോധനം

നെഹ്റുജിയുടെ അനശ്വരാദർശങ്ങളെ ഹൃദയപൂർവം പൊതുവലി അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും അദ്ദേഹത്തിന്റെ കാലടികൾ പിന്തുടർന്നു് രാഷ്ട്രത്തിന്റെ അഭ്യുന്നതിക്കും സ്വാതന്ത്ര്യസംരക്ഷണത്തിനുംവേണ്ടി ആത്മാർപ്പണം ചെയ്യുന്നതിനു പ്രതിജ്ഞയെടുക്കുകയും ചെയ്തിരിക്കുന്നു.

നെഹ്റുവിന്റെ ചരമദിനാചരണം പ്രമാണിച്ചു് ഇന്നലെവൈകുന്നേരം മഹാശേഖരൻനായർ സ്റ്റേഡിയത്തിൽകൂടിയ പൊതുസമ്മേളനത്തിൽ ഗവർണ്ണർ എ. പി. ജയിൻ അദ്ധ്യക്ഷം വഹിച്ചു ശ്രീ. എം. പി. മന്മഥൻ, മാസ്റ്റർ അനിൽ എന്നിവർ പ്രസംഗിച്ചു യോഗത്തിനുമുമ്പു് നഗരവീഥികളിൽകൂടി സിറോയിലെ വിവിധ സ്കൂളുകളിൽനിന്നുള്ള വിദ്യാർത്ഥികളുടെ മഹനജാഥയുണ്ടായിരുന്നു. ഈ യിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ നല്ലൊരു ജനക്കൂട്ടവും സമ്മേളനസംബന്ധിച്ചിരുന്നു.

പാലക്കാട്ടു്

ജവഹർലാൽ നെഹ്റുവിന്റെ നാമം ചരമദിനം പാലക്കാട്ടു് ഗവ: വിക്ടോറിയാ കോളേജിൽവെച്ചു് ഇന്നലെ ആചരിയ്ക്കയുണ്ടായി. വൈകുന്നേരം നാലുമണിയ്ക്കു് മുമ്പായി തറയിൽനിന്നും പുറപ്പെടുന്ന കുട്ടികളുടെ റാലി വലിയങ്ങാടി, ഗാന്ധിജിസ്സാർറോഡ്, കോളേജ് റോഡ്വഴി വിക്ടോറിയാ കോളേജിലെത്തി. അതിനശേഷം ഒരു യോഗം നടന്നു. വൈകുന്നേരം പൊതുയോഗവും ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഫിലിം യൂണിറ്റിന്റെ വിനിമാപ്രദർശനവുമുണ്ടായിരുന്നു. മഹനിമാപ്രദർശനമാറിയുടെ [illegible] മധുരപലഹാരവിതരണവും നടത്തപ്പെടുകയുണ്ടായി.

കൊരട്ടി

കൊരട്ടി [illegible] ലേബർ യൂണിയന്റെ ആഭിമുഖ്യത്തിൽ ഇന്നലെ കമ്പനി പടിക്കൽ നെഹ്റുചരമവാർഷികദിനം ഭക്തിപൈതൃകത്തോടെ ആചരിക്കപ്പെടുകയുണ്ടായി, വിവിധ സംഘടനകളുടെ മുഖ്യത്തിൽ പൊതുയോഗങ്ങൾ നടത്തപ്പെട്ടു. തോപ്പിൽ രവി, വി. കരുണാകരൻനമ്പ്യാർ, തോമസ് പാറന്നൂർ, കെ. പി. ജോൺ, വർഗ്ഗീസ് പോൾ, പി. ജെ. കുഞ്ഞുവറീതു്, പി പി. ജോജി എന്നിവർ പ്രസംഗിച്ചു.

ബോംബെയിൽ

ബോംബെ നഗരത്തിൽ നെഹ്റുവിന്റെ ചരമദിനാചരണം വിവിധ സംഘടനകളുടേയും മറവും ആഭിമുഖ്യത്തിൽ ആചരിക്കപ്പെട്ടു.

ബോംബെയിലെ ചീനക്കാർ ഇന്നു് ശ്രീ. നെഹ്റുവിന്റെ സ്മരണയ്ക്കായി അനുശോചനം രേഖപ്പെടുത്തിയതായി. മെഹനിസ്സ് സ്കൂളിൽ ചേർന്ന യോഗത്തിൽ മേയർ എം. മാധവൻ അദ്ധ്യക്ഷത വഹിച്ചു. ഇന്നത്തെ ഇന്ത്യ-ചീനാ ബന്ധത്തിനു പരിഗണിക്കേണ്ടതും, ഈ യോഗത്തിന്റെ പ്രത്യേക പ്രാധാന്യമുണ്ടെന്നു് അദ്ദേഹം പറഞ്ഞു.

ഇന്ത്യയ്ക്കു് ചീനാക്കാരോടു് വഴക്കില്ലെന്നും, ഇന്ത്യയെ ആക്രമിച്ച ചീനാഗവണ്മെന്റിനോടേ എതിർപ്പുള്ളുവെന്നുമുള്ള ശ്രീ. നെഹ്റുവിന്റെ പ്രസ്താവന ബോംബെപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡണ്ടു് അഡ്വ. അഭിൽ അന്ത്യാരിച്ചു. ചൈനാ ജനതയ്ക്കു് ഒരു തിരിച്ചടി കൊടുക്കണമെന്നു് ഇന്ത്യക്കാരോടു് ആവശ്യപ്പെട്ട തിരുന്നതു് ശ്രീ. നെഹ്റുവിന്റെ മഹത്വം കാണിക്കുന്നു.

ശ്രീ. നെഹ്റുവിന്റെ ഉദാത്ത മനോഭാവവും ജനസ്നേഹവും ആത്മാരാധനയും സമാധാനകാംക്ഷയും എന്നെന്നും സ്മരിക്കപ്പെടുമെന്നു സ്പീക്കർ പ്രിൻസിപ്പൽ വൈ. ഡബ്ലിയു. ചവാനും പറഞ്ഞു.

ആന്ധ്രയിൽ

ആന്ധ്രപ്രദേശിലെ എല്ലാ ഗവണ്മെന്റു് ആപ്പീസുകളും പഞ്ചായത്തു് രാജ് സ്ഥാപനങ്ങളും മിക്ക സ്കാര്യസ്ഥാപനങ്ങളും ഇന്നു് അരമണിക്കൂർ നേരം അധികം ജോലിചെയ്തുകൊണ്ടാണു് ശ്രീ. നെഹ്റുവിന്റെ ചരമദിനം ആചരിച്ചതു്.

തലസ്ഥാനനഗരിയിലെ തവിദ്യാഭാരതിയിൽ ചേർന്ന ഒരു സ്മാരകയോഗത്തിൽവെച്ചു് ഗവണ്മെന്റു് പട്ടം താണുപിള്ള അനുശോചനപ്രമേയം അവതരിപ്പിച്ചു. ഒരു പൊതു

റാൻ ഓഫ് കച്ചിലെ പാക് ആക്രമണങ്ങൾ

പാക്—ചൈനാകൂട്ടുകെട്ടിന്റെ ജാരസന്തതിയാണെന്ന് വിദേശപത്രങ്ങൾ

ന്യൂഡൽഹി, മേയ് 27

പാകിസ്ഥാൻ ഇന്ത്യയ്ക്കെതിരെ ഇപ്പോൾ നടത്തിയ നീക്കങ്ങളുടെ പിന്നിൽ ചൈന–പാക് സഖ്യത്തിന്റെ കരുത്ത കൈകളുണ്ടെന്ന സംശയത്തെ ശക്തിപ്പെടുത്തുന്ന ചില അഭിപ്രായങ്ങൾകൂടി വിദേശപത്രങ്ങളിൽ വന്നിരിക്കുന്നു.

പാകിസ്ഥാൻ റാൻ ഓഫ് കച്ചിൽ നടത്തിയ ആക്രമണത്തിനു്, പീക്കിങ്ങുമായുള്ള ഒരു ഉടമ്പടിയുടെ എല്ലാ ലക്ഷണങ്ങളുമുണ്ടെന്നും ഒരു ചൈനീസ് പ്രതിനിധി സംഘം കറാച്ചി സന്ദർശിച്ച ഉടനെയാണു് ഈ ആക്രമണമുണ്ടായിട്ടുള്ളതു് എന്നതു് ഈ സംശയത്തെ ബലപ്പെടുത്തുന്നുണ്ടെന്നുമുള്ള പ്രധാനമന്ത്രി ശ്രീ. ലാൽബഹദൂർ ശാസ്ത്രിയുടെ പ്രസ്താവനയെ പരാമർശിച്ചുകൊണ്ടു് 'ബണ്ടു്' എന്ന സ്വീസ് പത്രത്തിന്റെ വിദേശകാര്യ പത്രാധിപർ എഴുതുന്നു: 'ഏതെങ്കിലും ഒരു രാജ്യത്തെ ദുർബലമാക്കിത്തീർക്കുമെന്ന് കാശ്മീർ തക്കം വഷളായിത്തീരുന്നതിൽ ചൈനയ്ക്കു് താൽപര്യമുണ്ടാകാൻ ഇടയുള്ളതുകൊണ്ടു് ശ്രീ. ശാസ്ത്രിയുടെ സംശയം അസ്ഥാനത്തല്ല.'

'ലാസ്പീസെ' എന്ന സ്വീസ് പത്രത്തിൽ അതിന്റെ വിദേശകാര്യ പത്രാധിപർമാർക്ക് ഹൈഡ് എഴുതിയ ഒരു ലേഖനവും ഈ അഭിപ്രായഗതിയെ പിന്താങ്ങിയിട്ടുണ്ടു്. മി. ഹൈഡ് പറയുന്നു: 'പീക്കിങ്ങിന്റെ പരോക്ഷമായ പിന്തുണയോടെ മി. അയൂബ്ഖാൻ സമ്പത്തികമായി ക്ഷീണിതയും വടക്കൻ അതിർത്തികളിൽ ചൈനയിൽ നിന്നുള്ള ഭീഷണിക്ക് വിധേയയുമായ ഇന്ത്യക്കെതിരെ ഒരുപക്ഷേ വമ്പിച്ച ഒരു സമരം ആസൂത്രണം ചെയ്യുകയാണു്.'

'ചൈനയുമായി പാകിസ്ഥാൻ ഈയിടെ നടത്തിയ കൂടിയാലോചനകളും ഇന്ത്യയ്ക്കെതിരെ ഒരു നീക്കം നടത്താൻ ആ രാജ്യത്തെ പ്രോത്സാഹിപ്പിച്ചിരിക്കാം' എന്നും 'ലണ്ടൻ ഇവനിംഗ് ന്യൂസ്' എന്ന കനേഡിയൻ പത്രം സംശയിക്കുന്നു.

ചൈനയുമായുള്ള പാകിസ്ഥാന്റെ അവശ്യമില്ലാത്ത സൗഹൃത്തിനു് കാരണം ഇന്ത്യയോടുള്ള വിദ്വേഷമാണെന്ന് മലയേഷ്യൻ പത്രമായ 'തമിഴ്നേശൻ' ചൂണ്ടിക്കാട്ടുന്നു. ചൈനയുമായി പാകിസ്ഥാന്റെ അടുത്ത ബന്ധങ്ങൾ ജനതിപത്യ രാഷ്ട്രങ്ങളെ അപകടപ്പെടുത്തിയിരിക്കുകയാണെന്നു് പത്രം പറയുന്നു.

....ം....

പ്രയക്തപോഷകാഹാരപരിപാടി

ജില്ലാ കോ–ഓർഡിനേഷൻ കമ്മറ്റിയോഗം

തൃശ്ശൂർ മെ. 28

പ്രയക്ത പോഷകാഹാര പരിപാടിയുടെ തൃശ്ശൂർ ജില്ലാ കോ ഓർഡിനേഷൻ കമ്മിറ്റി ഇന്നു് ജില്ലാ കലക്ടറുടെ അഡ്വിഷനൽ പേഴ്സനൽ അസിസ്റ്റന്റു് ശ്രീ. എൻ. കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ ചെല്ലക്കര ബ്ലോക്കാഫീസിൽവച്ചു് യോഗം ചേരുകയുണ്ടായി. പോഷകാഹാരപരിപാടിയുടെ ഫലപ്രദമായ പ്രവർത്തനത്തിനാവശ്യമായ നടപടികളെക്കുറിച്ചു് യോഗം സുദീർഘമായ ചർച്ച നടത്തി. കോഴിവർഗ്ഗത്തിൽ മുട്ടയുൽപ്പാദനം, തോട്ടം നിർമ്മാണം, പച്ചക്കറിയും ഫലവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുക, മതിയായ പോഷകാഹാരം ലഭിക്കാത്ത കുഞ്ഞുങ്ങൾക്കും, അമ്മമാർക്കും മുട്ടയും പാലും വിതരണം ചെയ്യൽ, ജീപോഷകാഹാരസംബന്ധമായ പരീശീലനം നല്കൽ തുടങ്ങിയ കാര്യങ്ങളാണു് പ്രയക്ത പോഷകാഹാരപരിപാടിയിൽ ഉൾപ്പെടുന്നതു്.

തൃശ്ശൂർ ജില്ലയിൽ ചെല്ലക്കര ബ്ലോക്കിൽ മാത്രമാണു് പോഷകാഹാരപരിപാടി നടപ്പിലാക്കിയിട്ടുള്ളതു്. ബ്ലോക്ക് ഡവലപ്പ്മെന്റ് ആഫീസർ ശ്രീ. എസ്സ്. കെ. കമ്മാൻ സമർപ്പിച്ച റിപ്പോർട്ടിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഈ പരിപാടിപ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും വിശദീകരിച്ചു. ചെല്ലക്കര, വിൽവട്ടം, നടത്തറ, പാണഞ്ചേരി, പുത്തൂർ എന്നീ പഞ്ചായത്തുകളിലായി 5 കോഴ്വളർത്തൽകേന്ദ്രങ്ങളും പണിയുന്നതിനും 10 സ്ത്രീതോട്ടങ്ങളും, 12 സമൂഹത്തോട്ടങ്ങളും, 200 അടുക്കളത്തോട്ടങ്ങളും നിർമ്മിക്കുന്നതിനും, പഴംപച്ചക്കറിസാധനങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള 20 സംഭരണയൂണിറ്റുകളും ഏർപ്പെടുത്തുന്നതിനും പരിപാടിയുള്ളതായി ബി. ഡി. ഓ. പറഞ്ഞു. കഴിഞ്ഞവർഷം തിരഞ്ഞെടുക്കപ്പെട്ട കുടികിടപ്പുകാരുടെ അമ്മമാക്കായി 11,234 റാത്തൽ പാൽപ്പൊടിയും, 16,960 കോഴിമുട്ടയുമാണു് വിതരണം ചെയ്യപ്പെട്ടതെന്നു് റിപ്പോർട്ടിൽ വെളിപ്പെടുത്തി. പ്രയക്തപോഷകാഹാരപരിപാടിയുടെ പ്രയോജനത്തിൽ അതിന്റെ ഗുണഭോക്താക്കൾക്കും പൊതുജനങ്ങൾക്കും തികഞ്ഞ സംതൃപ്തിയുണ്ടുള്ളതു്. പാലും മുട്ടയും വിതരണംചെയ്യുന്ന 32 കേന്ദ്രങ്ങളാണു് ഇപ്പോഴും ഇവിടെയുള്ളതു്. ഇതിനു പുറമെ ഈ വർഷം 22 കേന്ദ്രങ്ങൾകൂടി ആരംഭിക്കുന്നതിനാണു് പരിപാടി ഇതിനുവേണ്ടി 22 സംഘങ്ങളും രൂപീകരിക്കപ്പെട്ടുകഴിഞ്ഞു. പാലും മുട്ടയും സൗജന്യമായി നൽകപ്പെടുന്നതിനുള്ള കുട്ടികളേയും, മുലകുടിക്കുന്ന കുഞ്ഞുങ്ങളുള്ള അമ്മമാരേയും തിരഞ്ഞെടുത്തു കഴിഞ്ഞാൽ പുതിയ 22 കേന്ദ്രങ്ങളും പ്രവർത്തിച്ചുതുടങ്ങും.

പ്രയക്തപോഷകാഹാര പരിപാടി യഥാസമയം കൂടുതൽ വിജയപ്രദമായ പരിശീലനം ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കു നൽകുന്നതിനു് വേണ്ട ഏർപ്പാടുകൾ ചെയ്തുതരാമെന്നു് യോഗം നിർദ്ദേശിച്ചു.

....

പാരാദീപ് തുറമുഖപദ്ധതി കേന്ദ്രം ഏറ്റെടുക്കുന്നു

ന്യൂഡൽഹി, മേ. 28

ഒറീസ്സ ഗവർമ്മെണ്ടിന്റെ ചുമതലയിലുള്ള പാരാദീപ് തുറമുഖത്തിന്റെ പണി പൂർത്തിയാക്കുന്നതിനും പ്രവർത്തന സംബന്ധമായ മേൽനോട്ടം വഹിക്കുന്നതിനും പാരാദീപ് തുറമുഖപദ്ധതി ജൂൺ 1–ാം തീയതി കേന്ദ്രഗതാഗതവകുപ്പ് ഏറ്റെടുക്കുന്നതാണു്. ഈ പദ്ധതിക്ക് 20 കോടി രൂപ ചെലവു കണക്കാക്കപ്പെടുന്നു. കേന്ദ്രഗവർമ്മെണ്ടും പരസ്പരം യോജിച്ച തീരുമാനിച്ചതനുസരിച്ചാണു് കൈമാറ്റം നടക്കുന്നതു്.

പദ്ധതിയുടെ പണി തൃപ്തിപ്പെടുത്തുന്നതിനും അതിന്റെ മേൽനോട്ടം വഹിക്കുന്നതിനും ഗതാഗതവകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല ഏകോപനസമിതി രൂപീകരിച്ചിട്ടുണ്ടു്. ഇതിൽ ഒറീസ്സ ഗവർമ്മെണ്ടിന്റെ പ്രതിനിധികളും ഉണ്ടായിരിക്കും. പാരാദീപ് പദ്ധതിക്ക് കേന്ദ്രഗവർമ്മെണ്ടു് ഇക്കൊല്ലത്തേയ്ക്കു് 5 കോടി രൂ. നീക്കിവെച്ചിട്ടുണ്ടു്. 1966 ജൂണിൽ ഇതിന്റെ നിർമ്മാണം പൂർത്തിയാക്കപ്പെടും.

സാംസ്കാരികപരിഷത്തിന്റെ റേഡിയോ റിപ്പോർട്ടുകൾ

എറണാകുളം, മേ. 28

ഇരിങ്ങാലക്കുടയിൽ നടക്കുന്ന സമസ്തകേരള സാഹിത്യപരിഷത്തിന്റെ 29–ംവാർഷികസമ്മേളനം നടപടികളെക്കുറിച്ചുള്ള വിശേഷാൽ റേഡിയോ റിപ്പോർട്ടുകൾ മേയ് 28–ാംതീയതി വെള്ളിയാഴ്ച രാത്രി 9–15നും, 29–ാംതീയതി ശനിയാഴ്ച രാത്രി 8–15നും, 30–ാംതീയതി ഞായറാഴ്ച രാത്രി 7–45നും ആൾ ഇന്ത്യ റേഡിയോയുടെ കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നതാണു്.

....

ഭക്ഷണസംഘടനാ– ക്ലബ്ബ് വാർത്തകൾ

(സ്പ. ലേഖകൻ)

ആനന്ദപുരം, മേയ് 28

ആനന്ദപുരം പള്ളിയിലെ ഭക്ഷണസംഘടനകളുടെ വാർഷികം ഇന്നലെ ആഘോഷിച്ചിരിക്കുന്നു.

യോഗത്തിൽ റവ: ഫാദർ ജോൺ ചെമ്മണ്ണൂർ അദ്ധ്യക്ഷം വഹിച്ചു. റവ: ഫാദർ ജോസ് അക്കരക്കാരൻ പ്രസംഗിച്ചു.

മുള്ളിക്കൽ, മേയ് 27

മുള്ളിക്കൽ സെന്റ് ജോസഫ്സ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിറ്റിയുടേയും, വേളാപശേരി ക്ലാസുകളുടേയും വാർഷികം കഴിഞ്ഞ ദിവസം ആഘോഷിച്ചിരിക്കുന്നു. ഇതു സംബന്ധിച്ചു് പേർന്ന യോഗത്തിൽ റവ: ഫാ: ജോസഫ് പൊള്ളയിൽ അദ്ധ്യക്ഷം വഹിച്ചു. റവ: ഫാ: മാത്യു കോതകത്തു്. സ്വാഗതപ്രസംഗം നടത്തി. പോൾ കാസ്റ്റിൻ, കുമാരി ടി. എസ്. സെലിൻ എന്നിവർ പ്രസംഗിച്ചു. യോഗാനന്തരം ബോയ്സ് സൊഡാലിറ്റി അവതരിപ്പിച്ച 'ഒരു ഹൃദയവും രണ്ടു കണ്ണുകളും' എന്ന നാടകവും ഉണ്ടായിരുന്നു.

പുതുക്കാടു്, മേയ് 27

"കലാസൗധം" സാഹിത്യ സമാജത്തിന്റെ ഒരു സംയുക്തയോഗം പ്രസിഡൻറ് ചിന്നപ്പൻ ചെറവത്തൂരിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു് സമാജത്തിന്റെ ഭാവി പ്രവർത്തനങ്ങളെക്കുറിച്ചു് സുദീർഘമായി ചർച്ച നടത്തിയിരിക്കുന്നു. ഇന്ത്യയുടെ നേരെ പാക്കിസ്ഥാൻ നടത്തിക്കൊണ്ടിരിക്കുന്ന മൃഗീയാക്രമണങ്ങളെ അപലപിക്കുകയും, ഇന്ത്യാഗവണ്മെന്റിന്റെ പ്രതിരോധ പ്രവർത്തനങ്ങളെ അനുകൂലിക്കുകയും ചെയ്യുന്ന ഒരു പ്രമേയം യോഗം അംഗീകരിച്ചു. സ്ഥലത്തെ ഗവണ്മെന്റാസ്പത്രിയിൽ വേണ്ടത്ര സ്ഥലസൗകര്യമില്ലാത്തതിനാൽ രോഗികൾക്കും അനുഭവിക്കുന്ന കഷ്ടപ്പാടുകൾക്ക് പരിഹാരം കാണുവാൻ എത്രയും വേഗം നടപടികളെടുക്കണമെന്നു് അഭ്യർത്ഥിക്കുന്ന കാര്യം മെമ്മോറാണ്ടം ഗവണ്മെന്റ് ജെയിലും, ജില്ലാ കലക്ടറും അയച്ചുകൊടുക്കുവാനും യോഗം തീരുമാനിച്ചു.

പോങ്കോത്തു, മേയ് 27

പോങ്കോത്തുയിലെ കലാവാസനയുള്ള ഏതാനും യുവജനങ്ങൾ ചേർന്നു് ജവഹർ കലാസമിതി എന്നൊരു സംഘടന രൂപീകരിക്കുകയും 13 അംഗങ്ങളുള്ള ഒരു പ്രവർത്തക സമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസിഡണ്ടു്, വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറി, ജോ: സെക്രട്ടറി, ലൈബ്രേറിയൻ എന്നീ സ്ഥാനങ്ങളിലേക്കു് കെ. എം. അന്തോണി മാസ്റ്റർ, കെ. പി. രാഘവൻ, എം. കെ. ജോൺ, കെ. ആർ. വിജയൻ, കെ. കെ. കൊച്ചുവറീതു് എന്നിവരെ തെരഞ്ഞെടുത്തു.

....ം....

ഓഫീസ് മാറ്റി സ്ഥാപിച്ചിരിക്കുന്നു

എറണാകുളം, മേയ് 28

ആദായനികുതി വകുപ്പിന്റെ, എസ്റ്റേറ്റ് ഡ്യൂട്ടി സർക്കിളിലെ അസിസ്റ്റൻറ് കൺട്രോളറുടെ ആപ്പീസു്, എറണാകുളത്തു് റെയിൽവേ സ്റ്റേഷൻ റോഡിലുള്ള മാടപ്രാവിൽ ബിൽഡിംഗ്സിൽനിന്നു് മഹാത്മാഗാന്ധി റോഡിലുള്ള XXVII/16778–ാംനമ്പർ കെട്ടിടത്തിലേയ്ക്കു് മാറ്റി സ്ഥാപിച്ചിരിക്കുന്നു.

....ം....

ശാസ്ത്രി ആഫ്രോ–ഏഷ്യൻ സമ്മേളനത്തിൽ പങ്കെടുക്കും

ന്യൂഡൽഹി, മേയ് 28

അടുത്ത മാസാവസാനത്തിൽ ആൾജീരിയേഴ്സിൽ ചേരുന്ന ആഫ്രോ–ഏഷ്യൻ സമ്മേളനത്തിൽ പ്രധാനമന്ത്രി ലാൽബഹദൂർശാസ്ത്രി പങ്കെടുക്കുന്നതാണെന്നു് മിക്കവാറും തീച്ചയായിരിക്കുന്നു.

ഔദ്യോഗികസംഘത്തിൽആരൊക്കെയുണ്ടായിരിക്കുമെന്നു് തീരുമാനമായിട്ടില്ലെങ്കിലും വിദേശകാര്യമന്ത്രി സ്വരൺസിങ്ങും പ്രമുഖനായ ഒരു അനുദ്യോഗസ്ഥനും സംഘത്തിലുണ്ടായിരിക്കുമെന്നറിയുന്നു.

(പി ടി ഐ)

അണ്വായുധം ആർക്കും സംരക്ഷണം നൽകില്ല

സമാധാനത്തിനുവേണ്ടി പ്രസിഡണ്ട് ജോൺസൺ വീണ്ടും അഭ്യർത്ഥിക്കുന്നു

വാഷിംഗ്ടൺ, മെ. 28

നിരായുധീകരണത്തിനുവേണ്ടി പ്രസിഡണ്ട് ജോൺസൺ പുതിയൊരാഹ്വാനം മുഴക്കിയിരിക്കുന്നു. അതേ സമയം തന്നെ സമാധാനത്തിനുവേണ്ടിയുള്ള തന്റെ അഭിലാഷം അദ്ദേഹം ആവർത്തിക്കുകയും അണ്വായുധങ്ങൾ വ്യാപിപ്പിക്കുന്നതിനെ അപലപിക്കുകയുംചെയ്തു.

നിരായുധീകരണത്തിനും ആയുധനിയന്ത്രണത്തിനും വേണ്ടിയുള്ള അമേ. ഏജൻസിക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന നിയമത്തിൽ ഒപ്പുവച്ചുകൊണ്ടു് സംസാരിക്കുകയായിരുന്നു അദ്ദേഹം ഇന്ത്യയിടെയാണു് ഈ നിയമം അംഗീകരിക്കൻ കോൺഗ്രസ്സിൽ പാസ്സായതു്.

ആധുനിക അണ്വായുധത്തോടു താരതമ്യപ്പെടുത്തിയാൽ, 20 വർഷം മുമ്പ് ഹിരോഷിമായിൽ നടന്നഅണുബോമ്പു സ്ഫോടനം വെറുമൊരു "മഞ്ഞിയ തീപ്പൊരി" മാത്രമാണു്.

കഴിഞ്ഞ യുദ്ധത്തിലുപയോഗിച്ച എല്ലാ ബോമ്പുകളും ഒരുമിച്ചു കൂട്ടിയാലുണ്ടാവുന്നതിലും ശക്തിമത്തായ ബോമ്പുകളെ ഒരൊറ്റ ബോമ്പർ വിമാനത്തിനു് ഇപ്പോൾ കൊണ്ടുപോകാൻ കഴിയുമെന്നു് പ്രസിഡണ്ടു് പറഞ്ഞു.

"സമാധാനത്തിനു വേണ്ടിയാണു് ഞാനിതു പറയുന്നതു്. വെറും വ്യർത്ഥഭാഷണമല്ല ഒരണ്വയുദ്ധം ഒരിക്കലും ഉണ്ടായിട്ടുടാ".

അണ്വായുധങ്ങളുടെ ക്ഷമാരം ഒരു രാഷ്ട്രത്തിനേറെയും ഭയത്തെയുറപ്പുവരുത്തുന്നില്ല. എല്ലാവരുടേയും സുരക്ഷിതത്വത്തിനു് അതൊരു ഭീഷണിയായി മാറുകയാണു്.

ലക്ഷ്മി മേനോൻ വിദേശത്തേക്കു് പുറപ്പെട്ടു

ന്യൂഡൽഹി, മേ. 26

വിദേശകാര്യ വകുപ്പിലെ മന്ത്രി ശ്രീമതി ലക്ഷ്മി എൻ. മേനോൻ ആഫ്രിക്കയും പൂർവ്വയൂറോപ്യൻ രാജ്യങ്ങളും സന്ദർശിക്കുന്നതിനു് ഇന്നു് ഡൽഹിയിൽ നിന്നു് യാത്രതിരിച്ചിരിക്കുന്നു.

ശ്രീമതി മേനോൻ ആദ്യം നൈജീരിയ, കാമറൺ, ഘാന, ഐവറി കോസ്റ്റ് എന്നിവിടങ്ങളും സന്ദർശിക്കും. പിന്നീടു് ചെക്കോസ്ലോവാക്യ, റുമേനിയ, ബഹംഗേറിയ, യുഗോസ്ലാവിയ എന്നീ രാജ്യങ്ങളും. ഈ രാജ്യങ്ങളിൽനിന്നു ലഭിച്ച ക്ഷണമനുസരിച്ചാണു് ഈ സുദീർഘസന്ദർശനം. ജൂൺ 27–ാംനു് അവർ ഡൽഹിയിൽ മടങ്ങിയെത്തും.

ഇടിമിന്നലേറ്റ് ആസ്പത്രിയിൽ

പറപ്പൂക്കര, മേ 27

മിനിഞ്ഞാന്നു് രാത്രിയുണ്ടായ അതിഭയങ്കരമായ ഇടിമിന്നലേറ്റ് പ്രമീളാദേവിയെന്നൊരു സ്ത്രീയെ പുഴയ്ക്കടുത്ത് ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

നിര്യാതനായി

ചാവക്കാടു്, മേ, 28

പള്ളിച്ചിറയിൽ ദേവസ്യം തന്റെ 85–ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. കല്ലർ കാട്ടുപള്ളി സിമാററിയിൽ ശവസംസ്കാരം നടത്തി.

വാഹനങ്ങളെ പിടിച്ചു

മട്ടാഞ്ചേരി മെയ് 27

പള്ളിയറക്കാവു് ക്ഷേത്രത്തിനു സമീപം ഹിന്ദുലോഡ്ജിൽനിന്നു വാച്ചു മോഷണം നടത്തി മുള്ളിക്കൽ കൊണ്ടുവന്നു വില്പന നടത്തുവാൻ ശ്രമിച്ച ഫോർട്ടുകൊച്ചിക്കാരൻ ഡിബാസുദിറാവു എന്നൊരാളെ മട്ടാഞ്ചേരി പോലീസു പിടിച്ചുടി കസ്റ്റഡിയിൽ എടുത്തിരിക്കുന്നു.

[സ്പ. ലേ]

വിവാഹങ്ങൾ

ചേരണ്ണി–ആനി

കണ്ടെയിയൂർ, മേ. 27

ചെമ്മനൂർ പൌലോസ് ചേരണ്ണിയും [മുമ്പവർ] ഏങ്ങണ്ടിയൂർ പുത്തൂർ കൊച്ചുപ്പു മകനും ആനിയും തമ്മിലുള്ള വിവാഹം ഏങ്ങണ്ടിയൂർ പള്ളിയിൽവെച്ചു നടന്നു.

ജോസ്–മേരി

ഏങ്ങണ്ടിയൂർ–അരിമ്പൂർ ലാസർ ജോസും കാരുക്കര് ആലക്കൽ ഇയ്യപ്പൻ മേരിയും തമ്മിലുള്ള വിവാഹം കാരുക്കര് പള്ളിയിൽ വെച്ചു് നടന്നിരിക്കുന്നു.

ജോസ്–റോസിലി

ചെറിയാൻ–വത്സല

ഇരിങ്ങാലക്കുട, മേ. 27

സ്ഥലത്തെ ഒരു പ്രധാന വ്യാപാരിയായ പുല്ലോക്കാരൻ ജോസഫിന്റെ പുത്രി റോസിലിയും ആലുവായിൽ മേലേടത്തു തൊമ്മി മകൻ ജോസും തമ്മിലും, ജോസഫിന്റെ പുത്രനും ഒരു മിലിറ്ററി ആഫീസറമായ ചെറിയാനും തൃശ്ശൂർ നടത്തറ പാലേക്കാൻ ദേവസ്സിയുടെ പുത്രി വത്സലയും തമ്മിലുള്ള വിവാഹങ്ങളും സാഘോഷം നടന്നിരിക്കുന്നു.

....

രക്തസാക്ഷികളുടെ പേരിൽ വിലപേശൽ

അങ്കമാലിയിൽ കോൺഗ്രസ്സ്–കേരള കോൺഗ്രസ്സ് പിടിവലിമുറുകുന്നു

അങ്കമാലി, മേയ് 28

അങ്കമാലി രക്തസാക്ഷികളുടെ ചരമവാർഷികദിനം കോൺഗ്രസ്സ്–കേരളാ കോൺഗ്രസ്സ് എന്നീ കക്ഷികളുടെ ആഭിമുഖ്യത്തിൽ വെവ്വേറെ നടത്താൻ ശ്രമങ്ങൾ നടന്നുവരുന്നതായി അറിയുന്നു.

ഇരുപാർട്ടിക്കാരും രക്തസാക്ഷികൾ തങ്ങളുടേതാണു് എന്നു് അവകാശവാദം മുഴക്കിയാണു് ഇപ്പോഴത്തെ നടപ്പു്. രക്തസാക്ഷിദിനം ആചരിക്കാൻ കോൺഗ്രസ്സിനധികാരമില്ലെന്നു് കേരളാ കോൺഗ്രസ്സുകാരും കേരളാ കോൺഗ്രസ്സിനധികാരമില്ലെന്നു് കോൺഗ്രസ്സുകാരും ഇവിടെ അങ്ങാടികളിൽ വാദിച്ചുനടക്കുന്നതു് ഒരു പതിവായിരിക്കുന്നു.

കഴിഞ്ഞകൊല്ലംവരെ ഈ കാര്യത്തിൽ ഒരു ചൂടുമില്ലായിരുന്ന പലരും ഇപ്രാവശ്യം പരിപാടികളുടെ നെടുനായകന്മാരായാണു് നടപ്പു്. ഈ അവകാശവാദം മറ്റൊല്ലാ സ്ഥലങ്ങളിലേക്കും പടർന്നു പിടിക്കുന്നുണ്ടെന്നും റിപ്പോർട്ടുകളുണ്ടു്.

ബസ്സ് മുട്ടി മരിച്ചു

മട്ടാഞ്ചേരി മെയ് 27

കഴിഞ്ഞദിവസം മാന്തുരുത്തിവെച്ചു് കമ്പളങ്ങി ഫോർട്ടു് കൊച്ചി ബസ്സിടിച്ചു പരിക്കേറ്റ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിരുന്ന അങ്കമാലിക്കാരൻ ലോനപ്പൻ (55) എന്നൊരാൾ പള്ളത്തി മഹാജനസ് ആസ്പത്രിയിൽവെച്ചു മരണമടഞ്ഞിരിക്കുന്നു.

(സ്പ. ലേ)

സഹ: പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് ഇരിങ്ങാലക്കുടയിൽ വേണം

[സ്പ. ലേ] ഇരിങ്ങാലക്കുട, മെ. 28

മുനിസിപ്പൽ കൌൺസിലിന്റെ ഒരു യോഗം, ചെയർമാൻ, വൈസ് ചെയർമാൻ എന്നിവരുടെ അഭാവത്തിൽ ടി. ടി. ജോണിന്റെ അദ്ധ്യക്ഷതയിൽ കൂടി. ഏതാനും ഗവണ്മെണ്ടു് ഉത്തരവുകൾ വായിച്ചു റിക്കാർഡാക്കി. 4–ാം പഞ്ചവത്സരപദ്ധതിയിൽ പുതുതായി അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ള സഹകരണപരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒന്നു് ഇരിങ്ങാലക്കുട സ്ഥാപിക്കണമെന്നും ഏതാനും ബസ്സുകൾ മാക്സിമുകൂടി ഓടിക്കണമെന്നുള്ള അഡ്വൊക്കേറ്റ് എ. പി. ജോർജ്ജിന്റെ പ്രമേയങ്ങൾ പാസ്സാക്കി. സാഹിത്യപരിഷത്തു സമ്മേളനത്തോടനുബന്ധിച്ചു നടത്തുന്ന കലാപരിപാടികളെ വിനോദനികുതിയിൽ നിന്നും ഒഴിവാൻ തീരുമാനിച്ചു.

....

ശൂന്യാകാശത്തിലൂടെ ഒരു പദയാത്ര

വാഷിംഗ്ടൺ, മെ. 28

ജെമിനി വാഹനത്തിൽ ജൂൺ 3 മുതൽ 7 വരെ ശൂന്യാകാശ സഞ്ചാരം നടത്താൻ ഉദ്ദേശിക്കുന്ന "എഡ്വേർഡ് വൈറ്റ്", ഈ സഞ്ചാരവേളയിൽ 10 മിനിറ്റ് സമയം ശൂന്യാകാശത്തിൽകൂടി നടക്കുന്നതാണു്. ഭൂമിയെ വ്യോമയാനശൂന്യാകാശ ഭരണസ്ഥാപനം (നാസാ) പൊവ്വാഴ്ചയാണു് ഈ വിവരം വെളിപ്പെടുത്തിയതു്.

സ്ഥിതിഗതികൾ അനുകൂലമായിരിക്കുന്നപക്ഷം 34 വയസ്സുള്ള ഈ ബഹിരാകാശപ്പാരി വാഹനത്തിന്റെ വലതുവശത്തെ കവാടം തുറന്നു് ശ്രീന്യാകാശത്തിലേയ്ക്കു് ഇറങ്ങുകയും 25 അടി നീളമുള്ള ഒരു രക്ഷാതണ്ടുവിന്റെ അഗ്രത്തിൽ മുകളിൽ കടക്കുകയും ചെയ്യുന്നതാണു്, എന്നു് 'നാസാ' പറഞ്ഞു. ഫ്ലാഷിയുടെ മകളിൽകൂടിയുള്ള രണ്ടാമത്തെ സഞ്ചാരവേളയിൽ ആരം ഭിക്കുന്ന ഈ പ്രവർത്തനം ആകെ 22 മിനിറ്റ് സമയത്തേയ്ക്കായിരിക്കും. ഇതിൽ 10 മിനിറ്റ് സമയത്തേയ്ക്കു് ബഹിരാകാശ സഞ്ചാരി വൈറ്റ് സംപൂർണ്ണം വാഹനത്തിനു പുറത്തായിരിക്കുന്നതാണു്.

വാക്വം പേന്പറിലും മാറംവച്ചു് ശ്രീന്യാകാശവാഹനത്തിന്റെയും ശ്രീന്യാകാശ ഉടുപ്പുകളുടെയും ദ്വിതീയ ജീവാധാരോപകരണങ്ങളുടെയും രക്ഷാതണ്ടു് (ബഹിരാകാശപ്പാരിക്കു് ജീവൻനിലനിർത്താനാവശ്യമായ പ്രാണവായു അതിൽകൂടിയാണു് പ്രവഹിക്കുക)ജീവിന്റെയും പരീക്ഷണങ്ങളും പൂർത്തിയാക്കുന്നതിനുവേണ്ടിയാണു് ഈ പ്രഖ്യാപനം ഇത്രയും വൈകിച്ചതു് എന്നു് 'നാസാ'പറഞ്ഞു.

62 തവണ ഭൂമിയെ ചുറ്റിയുള്ള ഈ സഞ്ചാരം അമേരിക്ക നടത്തുന്ന ഏറ്റവും ദീർഘിച്ച ശ്രീന്യാകാശസഞ്ചാരമായിരിക്കും. ഭ്രമണംചെയ്യുന്നവണ്ണം ഭൂമിയെ ചുമന്നതിനു് 97 മണിക്കൂർ 50 മിനിറ്റ് വേണ്ടിവരും. ബെർമൂഡായിൽനിന്നു് ഏകദേശം 400 മൈൽ അകലെ അറ്റ്ലാന്റിക് മഹാസമുദ്രത്തിൽ അതു് വന്നു വീഴുന്നതാണു്.

വൈറിന്റെ കൂടെയുണ്ടായിരിക്കുന്ന ബഹിരാകാശസഞ്ചാരി ജെയിംസ് മക്ഡിവിറാണു്. തന്റെ കൂട്ടുകാരനെ സഹായിക്കാൻ വേണ്ടി മക്ഡിവിറാറ് ഇടയ്ക്കുവശത്തുള്ള കവാടം തുറന്നേക്കും; അങ്ങിനെ രണ്ടു് ബഹിരാകാശസഞ്ചാരികളും ഒരേ സമയം ശ്രീന്യാകാശത്തിൽ ഒഴുകി നടക്കുന്നതിന്റെ ഫോട്ടോ മക്ഡിവിറാറ് എടുക്കുന്നതാണു്. ഇതു് മുമ്പു തയ്യാറാക്കിയിരുന്ന പരിപാടിയിൽനിന്നു് വ്യത്യസ്തമാണു്. മക്ഡിവിറാറ് കവാടം തുറന്നു് തലയും ശരീരത്തിന്റെ ഉൎദ്ധ്വഭാഗവും മാത്രം പുറത്തേയ്ക്കു കാണിക്കുമെന്നായിരുന്ന നേരത്തെയുണ്ടായിരുന്ന പരിപാടി.

ആദ്യത്തെ അമേരിക്കക്കാരൻ ശ്രീന്യാകാശത്തിൽ നടക്കുന്നതിനുള്ള പരിപാടി ഈ വർഷാവസാനം അപ്പോമത്തെ ജെമിനി സഞ്ചാരവേളയിൽ നടത്തുന്നതിനാണു് നേരത്തെ ഉദ്ദേശിച്ചിരുന്നതു്.

....

ബോട്ടുമറിഞ്ഞു് 40പേർ കൊല്ലപ്പെട്ടു

(എ. എഫ്. പി.) ലാഗോസ് മെ. 27

കിഴക്കൻ നൈജീരിയയിലെ നൈഗർ നദിയിൽവച്ചു് കൊടുങ്കാറ്റിൽപെട്ടതുമൂലം ഒരു ബോട്ടു് മറിയുകയും 40 പേർ കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നു.

ബോട്ടിൽ 70 യാത്രക്കാരുണ്ടായിരുന്നുവെന്നു് പോലീസ് പറഞ്ഞു.

നദിയുടെ തീരത്തു് ഇടയുന്ന വള്ളുവനാടൻ മരങ്ങളിന്മേലിടിച്ചാണു് ബോട്ടു മറിഞ്ഞതു്.

....

ജോർദ്ദാൻ പ്രദേശത്തു് ഇസ്രായേൽ ആക്രമണം

[റോയിട്ടർ] ടെൽഅവീവു്, മേ. 28

ജോർദ്ദാൻ പ്രദേശത്തു് ഇസ്രായേൽ സേന ഇന്നലെ രാത്രി തുടച്ചയായി ആക്രമണം നടത്തുകയുണ്ടായി. ഇസ്രായ